Reg. No K. 31

തൊഴിലാളി

Founder: Father Vadakkan

Honorary Chief Editor: T. O. Mathew M.A. :: *Managing Editor:* B. Wellington B. A.

പുസ്തകം 12 | ലക്കം 38 | 1965 ഫെബ്രുവരി ചൊവ്വ, 9 തൃശൂർ | വില 7 നയാപൈസ | പേജ് 4

യുദ്ധത്തിന്റെ ചൂടായി

വാഷിംഗ്ടൺ, ഫെ. 8

തെക്കൻ വിയറ്റ്നാമിലുള്ള അമേരിക്കക്കാരുടെ കുടുംബങ്ങളെ പിൻവലിക്കുവാൻ പ്രസിഡണ്ട് ജോൺസൺ ആജ്ഞാപിച്ചിരിക്കുന്നു.

(റോയിട്ടർ)

'തൊഴിലാളി' വരിസംഖ്യ നിരക്ക്

	പോസ്റ്റ് വഴി	വരിസംഖ്യാപിരിവ് പോസ്റ്റ് വഴി
ഒരു കൊല്ലത്തേക്ക്	37.00	6.00
രണ്ടാണ്ടത്തേക്ക്	15.50	8.00
മൂന്നാണ്ടത്തേക്ക്	6.75	1.50
ഏജന്റർക്കുള്ള കമ്മീഷൻ		
വരിസംഖ്യാപിരിവ് തുക		2.50
മാറ്റപ്രതി	00.25	00.10

വ്യാപാരമൂലധനപ്രവാഹത്തിന്നു പ്രതിബന്ധമില്ല

ഹോട്ടലുകാരുടെ നിവേദനം

[പി. ടി. ഐ] എറണാകുളം ഫെ. 8

അനധികൃത വ്യാപാരികളുടെ റേഷനിങ്ങിന്റെ ഫലമായി ഹോട്ടലുകാർക്കനേരിടുന്ന വിഷമങ്ങളെപ്പറ്റി ഗവണ്മെന്റിന്റെ അടുത്തു നിവേദനം നടത്തുവാൻ കൊച്ചി പ്രതിനിധി സംഘത്തെ അയക്കുവാൻ അഖിലകേരള ഹോട്ടൽ ഉടമസ്ഥസംഘം തീരുമാനിച്ചിരിക്കുന്നു. അരി, ഗോതമ്പു്, പഞ്ചസാര എന്നിവ റേഷൻ തോതിൽ കിട്ടുന്നതിനു് സൈക്യൂരിട്ടി കെട്ടി വെക്കണമെന്നുള്ള ഗവർമ്മേണ്ടിന്റെ ആവശ്യം സ്വീകരിക്കുവല്ലെന്നു് സംഘത്തിനു് അഭിപ്രായമുണ്ടു്

-o-

കൈരോണ്വധം

3 പേർ കസ്റ്റഡിയിൽ

(പി ടി ഐ) ന്യൂഡൽഹി ഫെ. 8

കൈരോൺ വധാന്വേഷണത്തോടു ബന്ധപ്പെടുത്തി ഇന്നലെ രാത്രി വൈകിയിട്ടു് 3 പേരെ കസ്റ്റഡിയിൽ എടുത്തു. സംശയകരമായ ചുറ്റുപാടുകളിൽ അവരെ കണ്ടതിനെത്തുടർന്നാണു് അവരെ പോലീസ് പിടിച്ചിരിക്കുന്നതെന്നാണു് അറിയുന്നതു്.

ഗവണ്മെന്റിന്റെ പ്രസംഗം ബഹിഷ്കരിക്കണം

[പി ടി ഐ] ലക്നൊ, ഫെ. 7

ഉത്തർപ്രദേശിലെ രണ്ടു സഭകളുടെ സംയുക്ത ബജറ്റ് സമ്മേളനത്തിൽ നടക്കുന്ന ഗവണ്മെന്റിന്റെ പ്രസംഗം ബഹിഷ്കരിക്കാൻ ചില സ്വതന്ത്രന്മാരടക്കം എസ് എസ് പി; കമ്യൂ: പാർട്ടി, റിപ്പബ്ലിക്കൻ പാർട്ടി എന്നിവയിലെ നിയമസഭാംഗങ്ങൾ തീരുമാനിച്ചിരിക്കുന്നു.

ഇന്നു ചേരുന്ന സ്വതന്ത്രന്മാരുടേയും പാർട്ടിനേതാക്കളുടേയും യോഗമാണു് ഈ തീരുമാനമെടുത്തതെന്നു് എസ് എസ് പിക്കുവേണ്ടി ഉദ്ഘാടനം കുമ്പളിസ്സ് ഗ്രൂപ്പുകാരുടെ മന്ത്രിമാർ രാജിവെച്ചുപോകുമോ എന്നു് പത്രക്കാരോടു് പറഞ്ഞു.

അതിനുശേഷം മാഠ് നിയമസഭാ ഗവണ്മെന്റംഗങ്ങളുടേയും വിലക്കയറ്റത്തെ തടയാൻ സ്വീകരിക്കേണ്ടതിനെപ്പറ്റിയും ഭക്ഷ്യധാന്യത്തിന്റെ ഉത്പാദനം പരമാവധിയിലും പ്രതിഷേധിക്കേണ്ടതിനാണു് തങ്ങൾ ബഹിഷ്കരണമെന്നു് സംഘടനയിലെ അംഗീകരിക്കുന്നതെന്നവർ പറഞ്ഞു.

-

അന്താരാഷ്ട്രീയ വാണിജ്യ കോൺഗ്രസ്സിൽ ശാസ്ത്രി

(പി ടി ഐ) ന്യൂഡൽഹി, ഫെബ്രുവരി 8

സമാധാനഭ ഞ്ജനമുണ്ടാകാതിരിക്കുവാൻ കഴിയുന്നതൊക്കെ ചെയ്യണമെന്നു് അമേരിക്കൻ പ്രസിഡണ്ടു് ജോൺസനോടും, സോവിയറ്റ് പ്രധാനമന്ത്രി കോസിജിനോടും പ്രധാനമന്ത്രി ശാസ്ത്രി ഇന്നു് അഭ്യർത്ഥിച്ചു.

അന്താരാഷ്ട്രീയ വാണിജ്യ മണ്ഡലത്തിന്റെ പ്രഥമ ഉൽഘാടനം കോൺഗ്രസ് അദ്ദേഹം ഉൽഘാടനം ചെയ്തുകയായിരുന്നു. ഉത്കണ്ഠാകുലമായ ഈ സമയത്തു് വികാസങ്ങൾ ഇന്ത്യക്കു് അത്യധികമായ പ്രാധാന്യമുണ്ടാക്കിയിട്ടുണ്ടെന്നു് അദ്ദേഹം പറഞ്ഞു. വിയറ്റ്നാം കഴിഞ്ഞ കുറച്ചു കാലമായി അതു് ഒരു കനത്ത ഭീഷണിയായിത്തീർന്നിരിക്കുന്നു എന്നു് അദ്ദേഹം പരാമർശിച്ചു. ഇതു് പ്രശ്നത്തിന്റെ ഒരു വശം മാത്രമാണു്.

ജോൺസണും കോസിജിനും ഒരു പോലെ സമാധാനം അഭിലഷിക്കുന്നുവെങ്കിലും ഇവ രണ്ടു് നേതാക്കളും കൂടികാണുന്നതു്, ഫലപ്രദമായിരിക്കുമെന്നും ശാസ്ത്രി അഭിപ്രായപ്പെട്ടു.



45 രാഷ്ട്രങ്ങളിൽനിന്നായി ആയിരത്തോളം പ്രതിനിധികളും സമ്മേളനത്തിൽ സംബന്ധിക്കുന്നുണ്ടു്.

അദ്ദേഹം തുടർന്നു:

വികസനരംഗങ്ങളിൽനിന്നു് മൂലധനം ഒഴുകുകയാണെങ്കിൽ വികസ്വരരാഷ്ട്രങ്ങളിലെ സാമ്പത്തികാവളർച്ചയിൽ അതു് സ്വാഭാവിക വ്യത്യാസം കാണിക്കുകയും ചെയ്യും. പരമ്പരാഗതമായ വ്യാപാരമൂലധനപ്രവാഹത്തിനു് ഒരു പ്രതിബന്ധവുമില്ല. ഇതു് ഒരു പ്രശ്നമല്ലെന്നു് ഞാൻ പറയുന്നില്ല. ഇതിനു് ഒരു പരിഹാരം കാണുവാൻ കഴിയും.

ഈ മൂലധനപ്രവാഹത്തിനെ സംബന്ധിച്ചു് വികസിതരാഷ്ട്രങ്ങളിലെ മുതൽമുടക്കുകാർക്കും, വികസ്വരരാഷ്ട്രങ്ങളിലെ നടത്തിപ്പുകാർക്കും ചില സംശയങ്ങളുണ്ടു്.

ഇത്തരം ശങ്കകളിലുള്ള ഈ സംശയങ്ങളെ ദൂരീകരിക്കുവാൻ കഴിയും. അതിനു് സ്ഥിതിഗതികളുടെ യഥാർത്ഥ സ്വഭാവത്തെ കണക്കിലെടുത്തുകൊണ്ടു് ഈ കോൺഗ്രസ്സു് സൃഷ്ടിപരമായ ഒരു സമീപനത്തെ കൈക്കൊള്ളേണ്ടതുണ്ടു്. ഈ പ്രശ്നങ്ങളെഴുവനുമായി നേരിടേണ്ടതുണ്ടു്. ഇരുപക്ഷങ്ങളും അവയുടെ ബുദ്ധിമുട്ടുകളെപ്പറ്റി ബോധവാന്മാരാകണം.

വികസ്വരരാഷ്ട്രങ്ങളും പ്രതീക്ഷിക്കുന്നതിൽ അമ്പരിപ്പു തോന്നുന്നതു്, അതിനു് കിട്ടുന്ന ആകൃഷ്ടിയും ഇവിടെയും കിട്ടുമെങ്കിൽ മാത്രമേ ആ മുതൽ ഇവിടെ വരികയുള്ളു എന്ന ചിന്തയുള്ളതുകൊണ്ടാണു്. അതേ സന്ദർഭത്തിൽ വികസ്വരരാഷ്ട്രങ്ങൾ കനത്ത നികുതികൾ ചുമത്തുന്നതെങ്കിൽ അതു് ദേശീയസ്ഥിതിഗതികളിൽ പ്രതികൂലതയിലുണ്ടാക്കുന്നതാണു് സമാധാനിക്കുന്നതിനും കഴിയും.

ശാസ്ത്രിയുടെ പ്രസംഗം ആരംഭിച്ചപ്പോഴും, അവസാനിപ്പിച്ചപ്പോഴും പ്രതിനിധികൾ എഴുന്നേറ്റുനിന്നു് ഹർഷാരവം മുഴക്കി.

തിരഞ്ഞെടുപ്പ് രംഗം

ധമ്മികം പിൻവലിച്ചു

പി ടി ഐ) കോഴിക്കോട് ഫെ. 8

ഏഴു് ധമ്മിസ്ഥാനാർത്ഥികളും അവരുടെ സ്ഥാനാർത്ഥിത്വം ഇന്നുരേയായി പിൻവലിച്ചിട്ടുണ്ടു്.

പേരാമ്പ്ര

എൻ ഇ. ശങ്കരൻ (ഇ. ക) എൻ. സി. ശങ്കരൻനമ്പൂതിരി (കോൺ)

തെക്കൻ വയനാട്ടു്

ഏ പോക്കൻ (കോൺ) എം. മാധവൻ (എസ് എസ് പി)

തിരൂർ

ബാവ (മു. ലീ) മൊഹമ്മദ് (കോൺ) കെ. പി. കെ. മൊഹമ്മദ് (ഇ. ക)

മഞ്ചേരി നിയോജകമണ്ഡലത്തിൽ (റിസർവ്വേഷൻ) നിന്നുള്ള ഒരു സ്ഥാനാർത്ഥിയുടെ ഒഴികെ ഇവ ജില്ലയിൽനിന്നുള്ള നാമനിർദ്ദേശപത്രികകം എല്ലാം സൂക്ഷ്മപരിശോധനക്കുശേഷം അംഗീകരിക്കപ്പെട്ടു.

മഞ്ചേരിയിൽനിന്നുള്ള വി. ടി. കുഞ്ഞൻ (വ. ക) നാമനിർദ്ദേശപത്രിക കുഞ്ഞൻ ഒരു ഹരിജൻ അല്ലെന്നുള്ള കാരണത്താൽ തള്ളിക്കളഞ്ഞു.

കോഴിക്കോട് രണ്ടിലേക്ക് നോമിനേഷൻ സമർപ്പിച്ചിരുന്ന അബ്ദുള്ളകോയ (സ്വ തന്റെ സ്ഥാനാർത്ഥിത്വം പിൻവലിച്ചു.

കോട്ടയത്തു്

കോട്ടയം ജില്ലയിലെ 14 നിയോജകമണ്ഡലങ്ങളിൽനിന്നായി നോമിനേഷൻ സമർപ്പിച്ചിരുന്ന 97 സ്ഥാനാർത്ഥികളിൽ, കഴിവുകളും തമ്മിലുള്ള വൻവിടവുകളെ ഇടക്കുവാൻ ഇത മൂലധനപ്രവാഹത്തിനു് കഴിയും.

ഇത മൂലധനപ്രവാഹത്തിനു് ഒരു പ്രതിബന്ധവുമില്ലെന്നു് ഞാൻ പറയുന്നില്ല. അതിനു് പരിഹാരം കാണുവാൻ കഴിയും. ഇതു് ഒരു പ്രശ്നമല്ലെന്നു് ഞാൻ പറയുന്നില്ല. ഇതിനു് പരിഹാരം കാണുവാൻ കഴിയും.

ഇന്ത്യ സോഷ്യലിസ്റ്റ് പാതയിലേക്കു നീങ്ങുന്നുവെന്നു് ശാസ്ത്രി

ഇസ്‌വെസ്തിയക്കു നല്കിയ അഭിമുഖ സംഭാഷണം

ന്യൂഡൽഹി, ഫെ. 7

ഇന്ത്യയിൽ സ്വാതന്ത്ര്യലബ്ധിക്കുശേഷം ഒരു ജനാധിപത്യ ഭരണവ്യവസ്ഥ സംസ്ഥാപിതമാകുകയും രാജ്യം സോഷ്യലിസ്റ്റു മാതൃകയിലുള്ള ഒരു സാമൂഹ്യ വ്യവസ്ഥിതിയിലേക്കു നയിക്കുന്ന രാജവീഥിയിലേക്കിറങ്ങുകയും ചെയ്തിരിക്കുന്നുവെന്നു് ഇന്ത്യൻ പ്രധാനമന്ത്രി ശ്രീ ലാൽബഹദൂർ ശാസ്ത്രി ഇസ്‌വെസ്തിയ ലേഖകൻ യൂറി ഷൊപാവിന്നു് നൽകിയ അഭിമുഖസംഭാഷണത്തിൽ പ്രസ്താവിച്ചു.

ഖനവ്യവസായം, വിദ്യുച്ഛക്തി ട്രാൻസ്പോർട്ട് സമാധാനാവശ്യങ്ങൾക്കുള്ള അണുശക്തിവിനിയോഗം എന്നിവക്കു് അടിസ്ഥാനമിടുന്നതിൽ ഇന്ത്യ നല്ല പുരോഗതി കൈവരിച്ചിട്ടുള്ളതായി ശാസ്ത്രി ചൂണ്ടിക്കാണിച്ചു. വിദ്യാഭ്യാസവും ആരോഗ്യസഹായവും ജനങ്ങളിൽ കൂടുതൽ വിപുലമായ വിഭാഗങ്ങൾക്കു് ഇപ്പോൾ കിട്ടിവരുന്നുണ്ടു്.

ജനങ്ങളുടെ ജീവിതനിലവാരം ഗണ്യമായുയർത്തത്തക്കവിധം കൃഷിയുടെയും വ്യവസായത്തിന്റെയും വികസനം സത്വരമാക്കുകയാണു് ഇന്നു രാജ്യത്തെ അഭിമുഖീകരിക്കുന്ന പ്രധാന ചുമതല എന്നു് പ്രധാനമന്ത്രി പ്രഖ്യാപിച്ചു. ഈ ഉന്നംവെച്ചുകൊണ്ടാണു് നാലാം പഞ്ചവത്സരപദ്ധതി തയ്യാറാക്കുന്നതു്,

പബ്ലിക് സെക്ടർ

ഭാവിപുരോഗതിക്കുള്ള അടിസ്ഥാനമായി വ്യവസായ വികസനം സംബന്ധിച്ചു് ഗവർമ്മെണ്ടെടുത്ത തീരുമാനം സ്റ്റേറ്റ് സെക്ടറിന്നു് സുപ്രധാനമായ ഒരു സ്ഥാനം കല്പിക്കാനാണെന്നു് രാജ്യത്തിന്റെ സമ്പദ്ഘടനയിൽ സ്റ്റേറ്റ് സെക്ടറിയുള്ള പോതു അംശത്തരമായി ലാൽബഹദൂർ ശാസ്ത്രി പറഞ്ഞു.

മൂലധനനിക്ഷേപങ്ങൾ പബ്ലിക് സെക്ടറിൽ കേന്ദ്രീകരിക്കുകയാണു്. പൊതുധനം പ്രധാനമായും അതിന്നു് സഹായകമായ ഒരു പങ്കു് വഹിക്കുകയാണു് പ്രൈവറ്റ് സെക്ടർ ചെയ്യുന്നതു്. സമ്പദ്ഘടനയെ മൊത്തത്തിൽ ശക്തിപ്പെടുത്തുകയും ക്രമീകരിക്കുകയും ചെയ്യുന്നതിന്നുവേണ്ടി സ്റ്റേറ്റ് സെക്ടർ നിത്യോപയോഗസാധനങ്ങളുടെ ഉല്പാദനത്തിന്റെ മേഖലയിലേക്കുകൂടി വ്യാപിപ്പിക്കണമെന്നു് ഇന്ത്യയുടെ അഭിപ്രായമുണ്ടായിട്ടുണ്ടു്.

ഇന്തോ-സോവിയററ് സഹകരണം

ഇന്ത്യയും സോവിയററ് യൂണിയനും തമ്മിലുള്ള സാമ്പത്തിക സഹകരണത്തിന്നു് ശ്രീ. ലാൽ ബഹദൂർ ശാസ്ത്രി വലിയ വില കല്പിക്കുന്നുണ്ടു്. ഫെബ്രുവരി 2-ാംതിയതി അതിന്റെ 10-ാം വാർഷികം ആഘോഷിക്കപ്പെട്ടു.

നമ്മുടെ ഇരുരാജ്യങ്ങളും തമ്മിലുള്ള സൗഹൃദബന്ധം ശക്തിപ്പെടുത്താൻ പരിശ്രമിക്കുമെന്നു് സോവിയററ് നേതാക്കൾ ഈയിടെ ചെയ്ത പ്രസ്താവന വലിയ ആഹ്ലാദത്തോടെയും ചാരിതാർത്ഥ്യത്തോടെയുമാണു് ഞങ്ങൾ സ്വീകരിച്ചതു് എന്നു് ഇന്ത്യൻ പ്രധാനമന്ത്രി പറഞ്ഞു. നമ്മുടെ ഇരു രാജ്യങ്ങളും തമ്മിലുള്ള ബന്ധം സമാധാനപരമായ സഹവർത്തിത്വം, കൊളോണിയലിസത്തോടുള്ള എതിർപ്പു് പരസ്പര സഹകരണം, പരമാധികാരത്തെ മാനിക്കുക, സമാധാന വാഞ്ഛ എന്നീ സമുത്കൃഷ്ടപ്രമാണങ്ങളിൽ അടിയുറപ്പിക്കപ്പെട്ട ഒന്നാണു്.

സോവിയററ് യൂണിയനിൽ നിന്നു് ഞങ്ങൾക്കു ലഭിക്കുന്ന സഹായസഹകരണങ്ങൾ ഇന്ത്യൻ സമ്പദ്ഘടനയുടെ വികസനത്തിൽ വളരെ വിലപ്പെട്ടതും സുപ്രധാനവുമായ ഒരു പങ്കു് വഹിച്ചിട്ടുണ്ടെന്നു് പത്തു സംവത്സരങ്ങൾക്കുമുമ്പു് സമാരംഭിച്ച ഇന്തോ-സോവിയററ് സഹകരണത്തെ സംബന്ധിച്ചു് എനിക്കു പറയാൻ കഴിയും എന്നു് ശ്രീ. ലാൽ ബഹദൂർ ശാസ്ത്രി പ്രസ്താവിച്ചു.

—

കമ്പി-തപാൽ ജീവനക്കാരുടെ സ്പോർട്ട്സ് മേള മദിരാശിയിൽ ഇന്നാരംഭിക്കുന്നു

മദിരാശി ഫെ. 8

കമ്പി-തപാൽ വകുപ്പു ജീവനക്കാരുടെ 12 മതു് അഖിലേന്ത്യാ സ്പോർട്ട്സ് ഉത്സവങ്ങൾ ഫെബ്രുവരി മുതൽ 12 വരെ മദിരാശിയിൽ നടക്കുന്നതാണു്.

മദിരാശിമുഖ്യമന്ത്രി ശ്രീ ഭക്തവത്സലം മത്സരങ്ങൾ ഉദ്ഘാടനം ചെയ്യും. വാർത്താവിനിമയ കാര്യമന്ത്രി ശ്രീ സത്യനാരായണ സിൻഹയാണു് വിജയികൾക്കു് സമ്മാനവിതരണം നടത്തുക.

80 ടീമുകളിൽപ്പെട്ട 440 പേർ മത്സരങ്ങളിൽ പങ്കെടുക്കുന്നുണ്ടു്. കമ്പിതപാൽ വകുപ്പു ജീവനക്കാരുടെ 10മതു് അഖിലേന്ത്യാ സംസ്കാരികോത്സവം ഫെബ്രുവരി 9-ാംനു- മദിരാശിയിൽ ആരംഭിക്കും. ഉത്സവ വിജയികൾക്കു് വാർത്താവിനിമയവകുപ്പു ഡെപ്യൂട്ടിമന്ത്രി ശ്രീ ബി ഭഗവതി സമ്മാനങ്ങൾ വിതരണം ചെയ്യും.

കമ്പി തപാൽ വകുപ്പുജീവനക്കാരുടെ 10 മതു കല കരകൗശല പ്രദർശനം ഫെബ്രുവരി 9-ാംനു- എഗ്മൂറിൽ മദിരാശി വ്യവസായമന്ത്രി ശ്രീ ആർ വെങ്കട്ടരാമൻ ഉൽഘാടനം ചെയ്യും

—

കാമരാജ് മലബാറിലേക്കു് പോയി

സ്വ. ലേ തൃശ്ശൂർ ഫെ. 8

കോൺഗ്രസ്സ് പ്രസിഡണ്ട് കാമരാജ് ഇന്നു് കാലത്തു് ഇവിടെനിന്നു് ഗുരുവായൂർക്കു് പോയി. ഫെബ്രുവരി 11 വരെ കാമരാജ് മലബാറിലെ മൂന്നു ജില്ലകളിൽ ഉണ്ടായിരിക്കും. [illegible] പൊതുയോഗങ്ങളിലും അദ്ദേഹം പ്രസംഗിക്കുന്നതാണു്.

ഫെബ്രുവരി 12 മുതൽ കാമരാജ് തെക്കൻ ജില്ലകൾ സന്ദർശിക്കുന്നതാണു്.

-0-

ജ്യേഷ്ഠനും അനുജനും ഒരേമണ്ഡലത്തിൽ

(സ്വ ലേ) തിരു: ഫെ. 7

കേരള നിയമസഭയിലേക്കു് ഇത്തവണ നടക്കുന്ന തിരഞ്ഞെടുപ്പിൽ കൗതുകപ്രതിഭാസത്തെപ്പററി വിവരം ലഭിച്ചിരിക്കുന്നു. രണ്ടു് ജ്യേഷ്ഠാനുജന്മാർ തമ്മിൽ തിരഞ്ഞെടുപ്പിൽ മത്സരിക്കുകയാണു്. തിരുവനന്തപുരം ജില്ലയിലെ വിളപ്പിൽ മണ്ഡലത്തിൽ കോൺഗ്രസ് സ്ഥാനാർത്ഥിയായി മത്സരിക്കുന്ന എം. ഭാസ്കരൻനായരാണു് ജ്യേഷ്ഠൻ. ആ മണ്ഡലത്തിലെ എസ്. എസ്. പി സ്ഥാനാർത്ഥിയായ ജി. കൃഷ്ണൻനായരാണു് അനുജൻ. രണ്ടുപേരും വാശിയോടെ തിരഞ്ഞെടുപ്പിൽ ഏറ്റുമുട്ടുവാൻ പോകുകയാണു്.

—

ഉടമ്പടി ഒപ്പു വെച്ചു

ന്യൂഡൽഹി ഫെ.7

ബൊക്കാറോ ഉരുക്കുനിർമ്മാണശാലയിലെ ഡിസൈനിംഗ് പ്രവർത്തനത്തിന്നു് ബൊക്കാറോ സ്റ്റീൽ ലിമിറ്റഡ് മോസ്കോവിലെ ടെക്ക്നോ പ്രൊമെക്സ് പോർട്ടുമായി ഒരു ഉടമ്പടി ഒപ്പുവെച്ചിരിക്കുന്നു.

ഉരുക്കുനിർമ്മാണശാല ഏർപ്പെടുത്തുന്നതിന്നു് ധനപരവും സാങ്കേതികവുമായ സഹകരണം ലഭ്യമാക്കുന്നതു സംബന്ധിച്ചു ഇന്ത്യാഗവർമ്മെണ്ടും സോവിയററ് ഗവർമ്മെണ്ടും 1965 ജനുവരി 12-നു് ഒപ്പുവെച്ച ഒരുടമ്പടിയെത്തുടർന്നാണിതു്

ഉടമ്പടിയനുസരിച്ചു ടെക്നോ പ്രോമെക്സ് പോർട്ട് ഡിസൈനിംഗ് പ്രവർത്തനങ്ങൾക്കു് പരമാവധി 6. 6 കോടി ക. നൽകും. 40 ലക്ഷംടൺ ശേഷിയുള്ള ഒരു ഉരുക്കുനിർമ്മാണശാലയുടെ പ്രോജക്ട് റിപ്പോർട്ടും 15 മുതൽ 20 ലക്ഷം ടൺവരെ ശേഷിയുള്ള ഒരു ഉരുക്കുനിർമ്മാണശാലയ്ക്കുവേണ്ട മുഴുവൻ ഡ്രോയിങ്ങുകളും തയ്യാറാക്കുന്നതിനും, ഡിസൈനന്മാരുടെ മേൽനോട്ടത്തിനുമുള്ള ചെലവു് ഇതിന്റെ പരിധിയിൽ വരും.

ഡിസൈനിംഗ് പ്രവർത്തനത്തിൽ ഇന്ത്യൻ എഞ്ചിനീയർമാരെ പങ്കെടുപ്പിക്കുന്നതിനും ഉടമ്പടിയിൽ വ്യവസ്ഥയുണ്ടു്.

—

എസ്. എൻ. വി. സ്കൂൾ വാർഷികം

സ്വ ലേ ആളൂർ ഫെ. 6

ശ്രീ നാരായണവിലാസം അപ്പർ പ്രൈമറി സ്കൂളിന്റെ പ്രഥമ വാർഷികവും രക്ഷാകർതൃദിനവും ഇന്നലെ വിവിധ പരിപാടികളോടെ കൊണ്ടാടി. അതുസംബന്ധിച്ചു സ്കൂൾ അങ്കണത്തിൽ കൂടിയ വമ്പിച്ച പൊതുയോഗത്തിൽ ടി പി വറീതു് ബി എ ബി ടി അദ്ധ്യക്ഷത വഹിച്ചു. ഡോക്ടർ ജോൺ ബക്കമാൻ എം ബി ബി എസ് ഐരാണിക്കുളം ദിവാകരൻ മുതൽപേർ പ്രസംഗിച്ചു. ഹെഡ്മാസ്റ്റർ കെ. സി. കുഞ്ഞിററി വിദ്യാലയത്തിന്റേയും സെക്രട്ടറി ഇ എം നാരായണൻ സാഹിത്യസമാജത്തിന്റേയും റിപ്പോർട്ടുകൾ വായിച്ചു. ടി വേലായുധൻമാസ്റ്റർ സ്വാഗതവും ഇ. എ രാമകൃഷ്ണൻ നന്ദിയും പറഞ്ഞു. വിവിധ കലാപരിപാടികളും നാടകാഭിനയവുമുണ്ടായി.

—

റേഡിയോ

ഫെബ്രു. 9 ചൊവ്വ

തിരുവനന്തപുരം, കോഴിക്കോട്ട്
തൃശ്ശൂർ
454.5, 441.2, 517 മീററർ

രാവിലെ
6-50 മംഗളവാദ്യം
6-55 അറിയിപ്പുകൾ
7-00 ഉദയഗീതം
7-25 ഇന്നത്തെ ചിന്താവിഷയം
7-30 വാർത്തകൾ മലയാളത്തിൽ
7-45 ഗാനമാലിക
8-00 വാർത്തകൾ ഇംഗ്ലീഷിൽ
8-15 വായ്പാട്ടു്
8-45 സമാപനം

ഉച്ചതിരിഞ്ഞു്
12 30 പ്രാദേശിക വാർത്തകൾ
12-35 വായ്പാട്ടു്
1- 5 വൃന്ദവാദ്യം
1-20 വാർത്തകൾ മലയാളത്തിൽ
1 30 ലളിതഗാനങ്ങൾ
1-40 വാർത്തകൾ ഹിന്ദിയിൽ
1-50 സുഗമസംഗീതം
2-00 കാലാവസ്ഥ-സമാപനം
3-30 വിദ്യാലയങ്ങൾക്കു്
3-50 സമാപനം

രാത്രി
5-30 തൊഴിലാളികൾക്കു്
6-00 പ്രാദേശിക അറിയിപ്പുകൾ
6-05 പ്രാദേശികവാർത്തകൾ
6-15 നാട്ടിൻപുറം
7-00 മലയാളപ്രസംഗം
7-10 ചലച്ചിത്രഗാനങ്ങൾ
7-30 വാർത്തകൾ മലയാളത്തിൽ
7-45 വായ്പാട്ടു്
8-55 ഡൽഹിയിൽനിന്നു്
9 00 വാർത്തകൾ ഇംഗ്ലീഷിൽ
9-15 ഇംഗ്ലീഷ് പ്രസംഗം
9-30 മലയാളപ്രോഗ്രാം
9-45 ശങ്കരൻനമ്പൂതിരി
10 00 പ്രൊ. രവിശങ്കർ
10-30 വാർത്തകൾ ഇംഗ്ലീഷിൽ
10-35 സമാപനം

ചെറുകിട വ്യവസായങ്ങൾക്കു് പുതിയ ചക്രവാളങ്ങൾ

....കെ. വി. വെങ്കടാചലം ....

മൂന്നാംപദ്ധതിക്കാലത്തു് ചെറുകിട വ്യവസായങ്ങളിൽ ക്ലിപ്തമൂലധനമായി 240 കോടി ക. നിക്ഷേപിച്ചു കഴിഞ്ഞിരിക്കുമെന്നു് കണക്കാക്കപ്പെടുന്നു. രണ്ടാംപദ്ധതിക്കാലത്തു് 108 കോടി ക. യായിരുന്നു ഇതു്. ചെറുകിട വ്യവസായ മേഖലയ്ക്കുണ്ടായിട്ടുള്ള വളർച്ച ഈ കണക്കുകൾ സൂചിപ്പിക്കുന്നു.

ചെറുകിട വ്യവസായ രംഗത്തു് മൂന്നാം പദ്ധതിക്കാലത്തെ മുതൽമുടക്കു് ഏകദേശം 10 ലക്ഷം പേർക്കു് തൊഴിൽ സൃഷ്ടിക്കുമെന്നു് പ്രതീക്ഷിക്കുന്നു. രണ്ടാം പദ്ധതിക്കാലത്തു് നാലര ലക്ഷം ആയിരുന്നു ഇതു്. ചെറുകിട ഫാക്ടറികൾ 1961-ൽ 1400 കോടി ക. വില വരുന്ന വസ്തുക്കൾ ഉൽപ്പാദിപ്പിക്കുകയുണ്ടായി. ഫാക്ടറികളുടെ മൊത്തം ഉല്പാദനത്തിന്റെ 31 ശതമാനം വരും ഇതു്. 1961ൽ രാജ്യത്തെ മൊത്തം വ്യവസായോത്പാദനത്തിന്റെ ഏതാണ്ടു് മൂന്നിലൊരുഭാഗം ചെറുകിട ഫാക്ടറികളുടെ പങ്കായിരുന്നു. ഫാക്ടറികളിലും വീടുകളിലും വെച്ചുള്ളതത്തരം ചെറുകിട വ്യവസായ പ്രവർത്തനങ്ങളുടെ വിഹിതം ഇതിൽ പെടുന്നില്ല.

ഇങ്ങിനെ നോക്കുമ്പോൾ മൊത്തം വ്യവസായോത്പാദനത്തിൽ ചെറുകിട വ്യവസായങ്ങളുടെ വിഹിതം നാലാം പദ്ധതിയുടെ അന്ത്യത്തോടെ ഏകദേശം 45 ശതമാനമായി വർദ്ധിപ്പിക്കാൻ കഴിയുമെന്നു് പ്രതീക്ഷിക്കുന്നതു് അത്രയൊന്നും അമിതമോഹപരമായിരിക്കുകയില്ല. ഈ വർദ്ധനവു് വരുത്തിത്തീർക്കുന്നതിന്നു ഏകദേശം 420 മുതൽ 430കോടി ക. വരെ ക്ലിപ്തമൂലധനം നിക്ഷേപിക്കേണ്ടിവരുമെന്നും ഇതിന്റെ മൂന്നിലൊരുഭാഗം ഗവർമ്മെണ്ടും അർദ്ധഗവർമ്മെണ്ടു് സ്ഥാപനങ്ങളും വഹിക്കേണ്ടി വരുമെന്നും കണക്കാക്കപ്പെടുന്നു. ഈ നിക്ഷേപം നാലാംപദ്ധതിക്കാലത്തു് ഏകദേശം 15 ലക്ഷം തൊഴിൽ അവസരങ്ങൾ സൃഷ്ടിക്കുമെന്നു് പ്രതീക്ഷിക്കാം. അടുത്ത അഞ്ചു വർഷക്കാലത്തു് രാജ്യത്തു് വിവിധ വലിപ്പമുള്ള ഏകദേശം 50000 ചെറുകിട വ്യവസായഘടകങ്ങൾ ഏർപ്പെടുത്തപ്പെടാൻ സാദ്ധ്യതയുണ്ടു്.

വികസന നടപടികൾ

ഇത്ര വിപുലമായ ഒരു വികസന പരിപാടി നടപ്പാക്കണമെങ്കിൽ ഊർജ്ജസ്വലവും ധീരവുമായ ഒരു വികസന നയം ആവശ്യമാണു്. ഈ രംഗത്തു ഇന്നുള്ള ന്യൂനതകളും പരിമിതികളും പരിഹരിക്കുന്നതോടൊപ്പം ത്വരിതഗതിയിലുള്ള വളർച്ചയ്ക്കു സഹായിക്കുകകൂടി ചെയ്യുന്ന ഒരു നയമായിരിക്കണം അതു്. ആ നയത്തിന്റെ സാമാന്യ വശങ്ങൾ നമുക്കു് പരിശോധിച്ചു നോക്കാം.

ചെറുകിട വ്യവസായങ്ങളുടെ ഭാവി വികസനത്തിനുള്ള ഏതു് പരിപാടിയും ഈ രംഗത്തു് ഇന്നു് ഉപയോഗിക്കപ്പെടാതെ കിടക്കുന്ന ശേഷി കണക്കിലെടുക്കേണ്ടതുണ്ടു്. പുതിയ വ്യവസായങ്ങൾ തുടങ്ങുന്നതിന്നു് പണം നിക്ഷേപിക്കുന്നതിന്നുമുമ്പു് നിലവിലുള്ളവയ്ക്കു് വേണ്ടത്ര അസംസ്കൃതവസ്തുക്കൾ ലഭ്യമാക്കേണ്ടതും അങ്ങിനെ അവയുടെ ശേഷി പൂർണ്ണമായി ഉപയോഗപ്പെടുത്തേണ്ടതും ആണു്.

ചെറുകിട വ്യവസായങ്ങളുടെ വികസനം വൻകിട വ്യവസായങ്ങളുടേതുമായി ശരിയാംവണ്ണം ഏകോപിപ്പിക്കുകയാണു് മറെറാരാവശ്യം. ഉത്പാദന പ്രവർത്തനങ്ങളിൽ ഇരട്ടിപ്പുണ്ടാകുന്നതു് തടയാൻ ഇതുമൂലം കഴിയും. ചെറുകിടയും വൻകിടയുമായ വ്യവസായങ്ങൾക്കു പൊതു് ഉൽപാദനപരിപാടി നിശ്ചയിക്കുക എന്ന ആശയം നടപ്പുപദ്ധതിയിൽ വേണ്ടത്ര ഊർജ്ജസ്വലതയോടെ നടപ്പാക്കിയിട്ടില്ല.

അസംസ്കൃത വസ്തുക്കൾ

അസംസ്കൃതവിഭവങ്ങൾ വിതരണം ചെയ്യാൻ ഇന്നു് അനുവർത്തിച്ചുവരുന്ന നയം ചെറുകിട വ്യവസായങ്ങൾക്കു് ദോഷം വരുത്തുന്നുണ്ടു്. പൊതു് ഉൽപാദനപരിപാടി ഊർജ്ജസ്വലമായി നടപ്പാക്കുന്നതും ഒരേ ഉല്പന്നങ്ങൾ നിർമ്മിക്കുന്ന വ്യവസായങ്ങൾക്കു് (അവ ചെറുകിടയോ വൻകിടയോ ആയിക്കൊള്ളട്ടെ) തുല്യമായ ലഭ്യത ഉറപ്പുവരുത്തുന്നതും വഴി ഈ സ്ഥിതിവിശേഷം പരിഹരിക്കാൻ കഴിയും. ഒപ്പംതന്നെ, ചെറുകിട വ്യവസായങ്ങളുടെ ആവശ്യങ്ങൾ തിട്ടപ്പെടുത്തുകയും നിവർത്തിക്കുകയും വേണം.

നെല്ലുകുത്തു്, എണ്ണയാട്ടു്, പരുത്തിയുടെ കരകമ്പയൽ എന്നീ പാരമ്പര്യവ്യവസായങ്ങളും വികസനപരിപാടിയുടെ കീഴിൽ കൊണ്ടുവരേണ്ടതാണു്. ഇത്തരം ചെറുകിട വ്യവസായപ്രവർത്തനങ്ങൾ നല്ലപോലെ വികസിച്ചിട്ടുണ്ടെങ്കിലും അവ നവീകരിക്കുകയും യുക്തിസഹമാക്കുകയും ചെയ്യേണ്ടതുണ്ടു്. സഹകരണാടിസ്ഥാനത്തിൽ വികേന്ദ്രീകരിക്കാൻ വളരെയേറെ സാദ്ധ്യതകളുള്ളവയാണു് എന്ന മെച്ചവും ഇത്തരം വ്യവസായങ്ങൾക്കുണ്ടു്

ഊർജ്ജിതമായ ആസൂത്രണം

വ്യവസായ എസ്റ്റേററ് പരിപാടികൾ ഗ്രാമപ്രദേശങ്ങളിൽ നഗരങ്ങളിലെ അത്രതന്നെ വിജയിക്കാൻ കഴിഞ്ഞിട്ടില്ല എന്നതിന്റെ അർത്ഥം, ഈ പരിപാടി മാത്രം പോരാ, ചെറുകിട വ്യവസായങ്ങളുടെ വികസനത്തിന്നെന്നാണല്ലോ. ഒരു സംയോജിതസമീപനം ഉണ്ടാകേണ്ടതുണ്ടു്. വ്യവസായ എസ്റ്റേററിനു് പ്രയോജനപ്രദമായ ഒരു പങ്കു് വഹിക്കാൻ കഴിയുന്ന സമീപനം. ഊർജ്ജിതമായ സംയോജിത ആസൂത്രണമാണു് ഇവിടെ വിവക്ഷ.

പോഷകവ്യവസായങ്ങളുടെ വികസനത്തിൽ ചെറുകിട വ്യവസായമേഖലയ്ക്കു് സ്ഥിരമായി വളർന്നുകൊണ്ടിരിക്കുന്ന ഒരു പ്രവർത്തനമണ്ഡലമുണ്ടു്. നമ്മുടെ വ്യവസായ വളർച്ചയുടെ ആദ്യഘട്ടത്തിൽ താരതമ്യേന ലഘുവായ യന്ത്രഭാഗങ്ങൾപോലും വൻകിട വ്യവസായങ്ങൾതന്നെ ഉല്പാദിപ്പിക്കേണ്ടിയിരുന്നു. ഇന്നാകട്ടെ ഏററവും പരിഷ്കൃതമായ എഞ്ചിനീയറിംഗ്-രാസ ഉല്പന്നങ്ങൾപോലും ചെറുകിട ഘടകങ്ങൾക്കു് ഉല്പാദിപ്പിക്കാൻ കഴിയും.

ചെറുകിട വ്യവസായങ്ങൾ നമ്മുടെ കയററുമതിശ്രമങ്ങളിൽ അർഹമായ പങ്കു വഹിച്ചിട്ടില്ല. ഈ സ്ഥിതി മാററാൻ കയററുമതിയുടെ വീക്ഷണകോണിലൂടെ അവ സംഘടിപ്പിക്കുവാൻ നടപടികളെടുക്കേണ്ടതുണ്ടു്.

നല്ലഭാവി

ചെറുകിട വ്യവസായങ്ങൾ നാട്ടിൽ നിലയുറപ്പിച്ചുകഴിഞ്ഞു. ഉരുക്കു്, അലുമിനിയം എന്നിവയും പ്ലാസ്റ്റിക്, പെട്രോ-കെമിക്കൽ വ്യവസായങ്ങളുടെ വികസനഫലമായി മററ പുതിയ അസംസ്കൃത വസ്തുക്കളും കൂടുതലായി ലഭ്യമാകുന്നതോടെ ചെറുകിട വ്യവസായങ്ങളുടെ വികസനത്തിനു് ശോഭനമായ ഭാവി ഉണ്ടാകും. ചെറുകിട വ്യവസായങ്ങൾ നവംനവങ്ങളായ കണ്ടുപിടുത്തങ്ങൾക്കും പരിഷ്കാരങ്ങൾക്കും പ്രസ്താവ്യമായ കഴിവു് പ്രകടമാക്കിയിട്ടുണ്ടു്. പിന്നോക്കം നിൽക്കുന്നതും ദരിദ്രസ്ഥിതിവുമായ പ്രദേശങ്ങളിൽ വ്യവസായങ്ങൾ എത്തിച്ചും കൃഷിയുമായി അടുത്ത ബന്ധം പുലർത്തിയും സമ്പദ്‌വ്യവസ്ഥയിൽ പുതിയ ചക്രവാളങ്ങൾ സൃഷ്ടിക്കുകയെന്ന വെല്ലുവിളി ധീരതയോടെ നേരിടാൻ അവയ്ക്കു കഴിയും തീർച്ച.

----o---

ഉത്തരധ്രുവത്തിലെ ഹിമം ഉരുക്കാമോ?

മോസ്കോ, ഫെ. 6

ഉത്തരധ്രുവത്തിലെ ഹിമം ഒരിക്കൽ ഉരുക്കപ്പെട്ടു കഴിഞ്ഞാൽ അതു് വീണ്ടും പ്രത്യക്ഷപ്പെടുകയില്ലെന്നു സോവിയററ് സമുദ്രശാസ്ത്രജ്ഞനായ പ്രൊഫസർ വ്ളാദിമീർ സമോയിലെങ്കോ വിശ്വസിക്കുന്നു.

ഉത്തരധ്രുവസമുദ്രത്തിന്റെ പ്രകൃതിദത്തമായ ഹിമാവരണം ഒരിക്കൽ നശിപ്പിക്കപ്പെട്ടു കഴിഞ്ഞാൽ പിന്നെ പുനഃസ്ഥാപിതമാകുമോ എന്ന രസാവഹമായ പ്രശ്നം ഇപ്പോൾ സോവിയററ ശാസ്ത്രജ്ഞന്മാരുടെ ചർച്ചാവിഷയമായിത്തീർന്നിരിക്കുന്നു.

ആധുനികമായ അണുശക്തിയുടെ തീക്ഷ്ണതകൊണ്ടു് ഉത്തരധ്രുവത്തിലെ ഹിമം ദ്രവീകരിക്കാമെന്നു അഭിപ്രായമുണ്ടായിട്ടുണ്ടു്. ഇതു് യൂറോപ്പിലെയും ഏഷ്യയിലെയും ഉത്തര അമേരിക്കയിലെയും കാലാവസ്ഥയിൽ സമൂലമായ മാററം വരുത്തും.

ഉരുക്കപ്പെടുന്ന മഞ്ഞു് വീണ്ടും സ്വരൂപിക്കപ്പെടുന്നതു് തടയാമോ എന്നതാണു് ഇപ്പോൾ പ്രധാന പ്രശ്നം. — ടാസ്.

മങ്ങിയ നക്ഷത്രങ്ങളുടെ പട്ടിക

കീവ്, ഫെ. 5

ഉക്രയിനിൽ കീവ് യൂണിവേഴ്സിററിയുടെ നക്ഷത്രനിരീക്ഷണശാല മങ്ങിയ നക്ഷത്രങ്ങളുടെ ഒരു പട്ടിക പ്രസിദ്ധപ്പെടുത്തിയിരിക്കുന്നു. ഖഗോളത്തും സ്ഥിതിചെയ്യുന്ന 35,000 നക്ഷത്രങ്ങളുടെ പട്ടിക തയ്യാറാക്കാൻ 8 വർഷത്തിലധികമെടുത്തു.

ഇന്റർനേഷനൽ അസ്ട്രോണമി

ആക്ഷേപങ്ങളും ആവശ്യങ്ങളും

ബസ്സ് സർവ്വീസ് പുനരാരംഭിക്കണം

ചുങ്കത്തു് ട്രാൻസ്പോർട്ട് കമ്പനിക്കാരുടെ ബസ്സ് സർവ്വീസ് കഴിഞ്ഞ ഒന്നുരണ്ടു് ആഴ്ചകളായി മുടങ്ങികിടക്കുകയാണു്. ആയതുകൊണ്ടു് കല്ലൂർ നിന്നു് തുടങ്ങി വടക്കാഞ്ചേരി വരെയുള്ള യാത്രക്കാർക്കു് വളരെ ബുദ്ധിമുട്ടുകൾ നേരിടുന്നു. കോടതി, കോളേജു് സ്കൂൾ എന്നിവിടങ്ങളിലേക്കുള്ള യാത്രക്കാരാണു് കൂടുതൽ കഷ്ടപ്പെടുന്നതു്. ഈ ഗൗരവമായ ദുരവസ്ഥയിൽനിന്നു നാട്ടുകാരെ രക്ഷിക്കുന്നതിനു് അധികൃതർ ശ്രദ്ധിക്കണമെന്നു് അഭ്യർത്ഥിക്കുന്നു. ബസ്സുടമകൾ സർവ്വീസ് തുടർന്നു നടത്തുവാൻ ആഗ്രഹിക്കുന്നില്ലെങ്കിൽ ഗവ: ട്രാൻസ്പോർട്ട് ബസ്സുകൾ ഓടിക്കുന്നതിന്നു് സത്വര നടപടികൾ കൈക്കൊള്ളണം.

മററം ഫെ 7 സി. കെ. എൽ. മററം

കണ്ണംകുളങ്ങരയിൽ വസൂരി പടരുന്നു

കണ്ണംകുളങ്ങരയിലും പരിസരത്തും മസൂരി രോഗം പടർന്നു തുടങ്ങിയിരിക്കുന്നു. അധികൃതരുടെ സത്വരശ്രദ്ധ അടിയന്തിരമായി ഇതിൽ പതിഞ്ഞു കാണണമെന്നു അഭ്യർത്ഥിക്കുന്നു.

കണ്ണംകുളങ്ങര ഫെ 8 കെ വി രാഘവൻ

കുട്ടനാട്ടിലെ കോളറാബാധ

ഇന്നു് കുട്ടനാട്ടിൽ കോളറാബാധ സാർവ്വത്രികമായിരിക്കുകയാണു്. പുളിംകുന്നിൽ 4 പേരും എടത്വായിൽ 14 പേരും മരണമടഞ്ഞതായി റിപ്പോർട്ടുചെയ്യപ്പെടുന്നു. കാവാലം, കണ്ണാടി, വെട്ടുമുടി, ചങ്ങംകരി, പുല്ലങ്ങടി അമിച്ചകരി മുതലായ ഭാഗങ്ങളിലും ഇതു് അവിടെയിവിടെയായി ഉണ്ടായിക്കൊണ്ടിരിക്കുന്നു. ഇതിനുവേണ്ടിയുള്ള പല ചികിത്സകളും പരാജയപ്പെടുന്നതായിട്ടാണു് മനസ്സിലാക്കാൻ സാധിക്കുന്നതു്. ആകപ്പാടെ സംഭ്രമജനകമായ അന്തരീക്ഷമാണു് കുട്ടനാടൻ പ്രദേശങ്ങളിൽ ഉള്ളതു്.

കോളറാബാധയെ ഫലപ്രദമായി നേരിടുന്നതിന്നു് ആവശ്യമായ സ്റ്റാഫിനെ നിയോഗിച്ചിട്ടില്ല. ഫലപ്രദമായ ചികിത്സാവിധികളും നിർദ്ദേശിക്കേണ്ടതും അത്യാവശ്യമാണു്. കുത്തിവെക്കുന്നതിന്നു് വേണ്ട വാക്സിൻ പോലുമില്ലായെന്നാണു് അറിയുന്നതു്. ഗവണ്മെൻറാശുപത്രികളിൽ മാത്രം സപ്ലൈ ചെയ്യുന്ന വാക്സിൻ ചില വ്യക്തികളുടെ കൈവശം കണ്ടുവരുന്നു.

ഈ അവസരത്തിൽ റേഷൻകടകളിൽ കൂടി പച്ചരിയാണു് ലഭിക്കുന്നതു്. ഈ ഘട്ടത്തിലെങ്കിലും നല്ലയരി കൊടുക്കുന്നതിന്നു് ബന്ധപ്പെട്ടയധികാരികൾ ശ്രമിക്കേണ്ടതു് അത്യന്താപേക്ഷിതമാണു്.

കുട്ടനാടൻ പ്രദേശങ്ങളിൽ അന്യസ്ഥലങ്ങളിൽനിന്നും കൊയ്ത്തിനു വന്നിട്ടുള്ളവർ ഭയന്നു് സ്ഥലംവിടുകയാണു്. അന്യദിക്കുകളിൽനിന്നും കൊയ്ത്തിനു വന്നിട്ടുള്ളവരെക്കൂടി കുത്തിവെയ്പ്പു നടത്തേണ്ടതാണു്. ജലാശയങ്ങളിൽ കീടനാശിനി മരുന്നുകൾ കുട്ടനാടൻ പ്രദേശങ്ങളിൽ തളിപ്പിക്കേണ്ടതും ഏററവും ആവശ്യവുമാണു്.

ചമ്പക്കുളം ജോസ് പുത്തറ
ഫെ. 7

ബ്രിട്ടനിലെ കോമൺവെൽത്തു് കുടിയേററം കർശനമാക്കുന്നു

ലണ്ടൻ ഫെ. 7

കോമൺവെൽത്തിൽ നിന്നു് ബ്രിട്ടനിലേക്കുള്ള കുടിയേററ പ്രശ്നം പുനഃപ്പരിശോധിക്കുന്നതു സംബന്ധിച്ചു് ഒരു കോമൺവെൽത്തു് ചർച്ചയാരംഭിക്കാൻ ബ്രിട്ടൻ നടപടികളവലംബിച്ചുകൊണ്ടിരിക്കുകയാണെന്നു് ആഭ്യന്തരവകുപ്പുമന്ത്രി സർ ഫ്രാങ്ക് സോസ്കീസ് കോമൺസ്സഭയിൽ പ്രസ്താവിച്ചിരിക്കുന്നു.

നിലവിലുള്ള നിയന്ത്രണങ്ങളിൽ നിന്നു് ഗണ്യമായതോതിൽ ഒഴിഞ്ഞുമാറുന്നതിന്നുള്ളതിന്നു് തെളിവുകളുണ്ടെന്നും കഴിഞ്ഞ രണ്ടുകൊല്ലത്തിനുള്ളിൽ പുറങ്ങിയതു് 10000 ആളുകളെങ്കിലും ഏതെങ്കിലും തരത്തിലുള്ള ഒഴികഴിവുകളായി ബ്രിട്ടനിൽ പ്രവേശിപ്പിച്ചിട്ടുണ്ടെന്നും അദ്ദേഹം പറഞ്ഞു.

അതുകൊണ്ടു് നിയമം കൂടുതൽ കർശനമാക്കേണ്ടതാവശ്യമായിരിക്കുന്നു എന്നും അതിലേക്കു് ഇമ്മിഗ്രേഷൻ ഓഫീസർമാർക്കു് പുതിയ നിർദ്ദേശങ്ങൾ അയച്ചുകൊടുക്കാൻ പോകയാണെന്നും മന്ത്രി പ്രസ്താവിച്ചു.

ജോ മാഞ്ഞൂരാനു് ദ്രാ: മു: കഴകത്തിന്റെ പിന്തുണ

എറണാകുളം, ഫെ 7

ഉടുമ്പുഞ്ചോല നിയോജകമണ്ഡലത്തിൽ നിന്നു് മത്സരിക്കുന്ന മലനാട്ടു് കർഷകയൂണിയൻ പ്രസിഡണ്ടു് ജോൺ മാഞ്ഞൂരാനു് പിന്തുണ നൽകാൻ ദ്രാവിഡമുന്നേററ കഴകം തീരുമാനിച്ചിരിക്കുന്നു.

കേരള ദ്രാവിഡ മുന്നേററ കഴകത്തിന്റെ സംസ്ഥാനകമ്മററി ജനറൽ സിക്രട്ടറി എം. എം. പുരുഷോത്തമന്റെ അദ്ധ്യക്ഷതയിൽ ഇവിടെ യോഗം ചേർന്നു് സ്വതന്ത്രാപാർട്ടിയുമായി ഒരു തെരഞ്ഞെടുപ്പു ധാരണയുണ്ടാക്കുന്നതിനുവേണ്ടി ചർച്ചകൾ നടത്താൻ പാർട്ടിയുടെ ജോ: സെക്രട്ടറി കെ. കൊച്ചപ്പനെ നിയോഗിക്കുകയുണ്ടായി. ചിററൂർ, പീരുമേട്ടു്, ദേവികുളം എന്നീ നിയോജകമണ്ഡലങ്ങളിൽ മത്സരിക്കുന്ന ദ്രാവിഡമുന്നേററകഴകം സ്ഥാനാർത്ഥികൾക്കു് സ്വതന്ത്രാപാർട്ടിയുടെ പിന്തുണ നൽകുന്ന പക്ഷം മററ സ്വതന്ത്രാപാർട്ടി സ്ഥാനാർത്ഥികൾക്കു് തങ്ങൾ പിന്തുണ നൽകണമെന്നാണു് തീരുമാനിച്ചിട്ടുള്ളതെന്നു് ജന: സെക്രട്ടറി പുരുഷോത്തമൻ വെളിപ്പെടുത്തി. കോൺഗ്രസ്സല്ലാത്ത വിജയ സാദ്ധ്യതയുള്ള കക്ഷികൾക്കോ സ്വതന്ത്രനോ പിന്തുണ നൽകുന്നതാണു് മററ നിയോജകമണ്ഡലങ്ങളിൽ ഡി എം കെ യുടെ നയമെന്നും അദ്ദേഹം പ്രസ്താവിച്ചു.

—

എസ്.എസ്. പി. തൃശ്ശൂർ ജില്ലാ തിരഞ്ഞെടുപ്പു് കമ്മിററി

(സ്വ, ലേ) തൃശ്ശൂർ, ഫെ: 8

തൃശ്ശൂർ ജില്ലയിലെ സംയുക്ത സോഷ്യലിസ്റ്റു് പാർട്ടി പ്രവർത്തകരുടെ ഒരു യോഗം സി. കെ. പരമേശ്വരന്റെ അദ്ധ്യക്ഷതയിൽ കൂടി ഈ ജില്ലയിൽ തിരഞ്ഞെടുപ്പു പ്രവർത്തനങ്ങൾ നടത്തുന്നതിനായി മി. അഖിലേശ്വരൻ സിക്രട്ടറിയും, എസ്. എസ്. ദിവാകരൻ, കെ പി. മേനോൻ, കെ. ടി. ഗബ്ബാസീസ്സ്, സി. കെ. പരമേശ്വരൻ മുതലായി 51 പേർ അംഗങ്ങളായും ഒരു തിരഞ്ഞെടുപ്പുകമ്മററി രൂപീകരിച്ചിരിക്കുന്നു. തിരഞ്ഞെടുപ്പു് പ്രചരണം സംബന്ധിച്ച കാര്യങ്ങളെക്കുറിച്ചു് യോഗം സുദീർഘമായി ചർച്ച നടത്തി.

യോഗത്തിൽവെച്ചു് അഞ്ചുപേർ ഉൾക്കൊള്ളുന്ന ഒരു ഫിനാൻസ് കമ്മററിയും തിരഞ്ഞെടുക്കപ്പെട്ടു.

പുതിയ ആനുകൂല്യങ്ങളും ഭാഷാദ്ധ്യാപകർക്കു് നിഷേധിക്കുകയോ?

തൃശ്ശൂർ, ഫെബ്രുവരി 8

പി. ബി. എസ്. ജനറൽ സെക്രട്ടറി വില്വവലം മത്തായി ജോസഫ് പുറപ്പെടുവിക്കുന്ന പ്രസ്താവന.

ജീവിതച്ചെലവു് വർദ്ധിച്ചതിന്റെ അടിസ്ഥാനത്തിൽ ഉദ്യോഗസ്ഥന്മാർക്കു് ഇടക്കാലാശ്വാസം നല്കി. ഭാഷാദ്ധ്യാപകർക്കു് തുല്യതയും കിട്ടി. എന്നാൽ ഈ ഉത്തരവു് ഭാഷാദ്ധ്യാപകരെ വിശേഷിച്ചും ഭാഷാദ്ധ്യാപകരെ [illegible] നിരാശരാക്കിയിരിക്കയാണു്. അവ്യവസ്ഥിതമായ പരിതസ്ഥിതിയിൽ തുച്ഛമായ ശമ്പളത്തിൽ ജോലി ചെയ്തിരുന്നവരെന്ന നിലയ്ക്കും 57-നുമുമ്പു് നിയമിതരായ അദ്ധ്യാപകർക്കു് മററുള്ളവരുടെ തുല്യ ആനുകൂല്യങ്ങളോടുകൂടി 60 വയസ്സുവരെ തുടരാനനുവദിക്കപ്പെട്ടിരുന്ന സൌജന്യം പുതിയ ഉത്തരവു് ഇല്ലാതാക്കിയിരിക്കുന്നു. 50 ശതമാനത്തിലധികം വരുന്ന ഭാഷാദ്ധ്യാപകർ ഈക്കൂട്ടത്തിൽ പെടുന്നവരാണു്. ഉണ്ടായിരുന്ന ഭാഷാദ്ധ്യാപക ട്രെയിനിംഗ് 1957-ൽ നിർത്തലാക്കി. ഭൂലോകത്തെങ്ങും ഇക്കൂട്ടർക്കു് ഒരു ട്രെയിനിംഗ് സ്കൂളുമില്ല. അതിന്റെ പേരിലും ഭാഷാദ്ധ്യാപകരെ അങ്ങേയററം ദ്രോഹിച്ചു. കഴിഞ്ഞ വർഷംവരെയുണ്ടായിരുന്ന മററല്ലാ അദ്ധ്യാപകരേയും ട്രെയിനിംഗിനു് നിയോഗിച്ചപ്പോൾ അഞ്ചും ആറും വർഷം സർവ്വീസുള്ള ഭാഷാദ്ധ്യാപകർ ട്രെയിനിംഗിനു സെലക്ഷൻ കിട്ടാതെ ഒഴിവാക്കപ്പെടുകയാണു്. പൂർണ്ണയോഗ്യതയെന്ന വകുപ്പിൽ പെടുത്തി അനേകായിരങ്ങൾ വരുന്ന ഈ വിഭാഗം ഭാഷാദ്ധ്യാപകർക്കും പുതിയ ആനുകൂല്യങ്ങൾ നിഷേധിക്കപ്പെടുന്നതായിട്ടാണറിവു്. പുതുക്കത്തിൽ ഭാഷാദ്ധ്യാപകരിൽ 80 ശതമാനത്തിനും ആനുകൂല്യങ്ങൾ നൽകാതിരിക്കാനുള്ള കൌശലപൂർവ്വമായ നീക്കങ്ങൾ ഇതിന്റെ പിന്നിലുണ്ടോ എന്നു സംശയിക്കേണ്ടിയിരിക്കുന്നു. ഏതായാലും ജീവിതച്ചെലവു് വർദ്ധിച്ചതിനുള്ള ആനുകൂല്യങ്ങൾ ഒരു വിഭാഗത്തിനു് നിഷേധിക്കുന്നതു് നീതിയല്ലെന്നും അവർക്കും വായും വയറുമുണ്ടെന്നുമുള്ള വസ്തുത ബഹു: ഗവണ്മെണ്ടും അക്കൌണ്ടന്റും മനസ്സിലാക്കി സർവ്വീസിലുള്ള എല്ലാവർക്കും ആനുകൂല്യങ്ങൾ അനുവദിക്കേണ്ടതാണു്.

—

അമേ: പർവ്വതാരോഹകൻ മദിരാശി സന്ദർശിക്കുന്നു

മദിരാശി, ഫെ 6

1963-ൽ അമേരിക്ക സംഘടിപ്പിച്ച എവറസ്റ്റ് പർവ്വതാരോഹകസംഘത്തിന്റെ നേതാവായ നോർമൻ ജി. ഡൈറൻഫർത്തു് ഫെബ്രുവരി 10-ാംനു- കല്ക്കത്തായിൽനിന്നു് ഇവിടെയെത്തുന്നതാണു്.

'എവറസ്റ്റു് പർവ്വതത്തെപ്പററി അമേരിക്കക്കാർ' എന്ന വിഷയം ആസ്പദമാക്കി വ്യാഴാഴ്ച വൈകുന്നേരം 6-30നു് യു. എസ്. ഐ. എസ്. അനെക്സിൽ (158 മൗണ്ട് റോഡ്) വച്ചു് നടക്കുന്ന ഒരു ചടങ്ങിൽ അദ്ദേഹം പ്രസംഗിക്കും. വെള്ളിയാഴ്ച രാവിലെ മി. ഡൈറൻഫർത്തു് ബംഗളൂരിലേക്കു് പോകും. ഞായറാഴ്ച അദ്ദേഹം ഹൈദ്രാബാദിലെത്തുന്നതാണു്.

സ്വിററ്സർലണ്ടിൽ ജനിച്ച ഈ അമേരിക്കൻ പര്യവേക്ഷകൻ അമേരിക്കൻ സ്റ്റേററ് ഡിപ്പാർട്ടുമെണ്ടിന്റെ ആഭിമുഖ്യത്തിൽ ഇന്ത്യയിൽ ഒരു പ്രസംഗപര്യടനത്തിൽ ഇപ്പോൾ ഏർപ്പെട്ടിരിക്കയാണു്.

64 വയസ്സുള്ള മി. ഡൈറൻഫർത്തു് 1963-ൽ എവറസ്റ്റിൽ കയറുംമുമ്പു് അഞ്ചുതവണ എവറസ്റ്റാരോഹണത്തിനു ശ്രമിച്ചിട്ടുണ്ടു്. 1952ൽ സ്വിററ്സർലണ്ടു് സംഘത്തിന്റെ എവറസ്റ്റാരോഹണശ്രമത്തിലും അദ്ദേഹം ഉൾപ്പെട്ടിരുന്നു. അന്നു് എവറസ്റ്റു് കൊടുമുടിയുടെ അഗ്രത്തിനു 800 അടി താഴെവരെ ആ സംഘം എത്തിയതാണു്. ധവളഗിരിയിൽ ആദ്യമായി കയറിയ സ്വിസ്സ് പര്യവേക്ഷകസംഘത്തിലുണ്ടായിരുന്ന ഏക അമേരിക്കൻ അദ്ദേഹമായിരുന്നു. ഓക്സിജന്റെ സഹായം കൂടാതെ കയറിയ ഏററവും ഉയരംകൂടിയ പർവ്വതമാണു് ധവളഗിരി.

മി. ഡൈറൻഫർത്തു് ഒരു എഴുത്തുകാരനും ഫോട്ടോഗ്രാഫറും ചലച്ചിത്ര നിർമ്മാതാവും കൂടിയാണു്.

o----o

ഗവേഷണസെമിനാർ

തിരു, ഫെ 7

സ്വീഡനിലെ ഉപ്സാല യൂനിവേഴ്സിററിയിൽവച്ചു് നടത്തപ്പെടുന്ന ഇന്റർനാഷണൽ സെമിനാറിൽ സംബന്ധിക്കുന്നതിനുള്ള പത്തു് ഫെല്ലോഷിപ്പുകൾക്കു് കേന്ദ്ര വിദ്യാഭ്യാസവകുപ്പു് അപേക്ഷകൾ ക്ഷണിച്ചിരിക്കുന്നു. ഫിസിക്സിന്റെ വിവിധ ശാഖകളിലേതിലെങ്കിലും പ്രാഗത്ഭ്യം നേടിയിട്ടുള്ള ശാസ്ത്രജ്ഞന്മാരുടെ മേൽനോട്ടത്തിൽ ഗവേഷണം നടത്തുന്നതിനുള്ള സൗകര്യമുണ്ടാക്കിക്കൊടുക്കുകയാണു് സെമിനാറിന്റെ ഉദ്ദേശ്യം. 1965 സെപ്തംബർ 1-ാം തിയതിമുതൽ പത്തു മാസത്തേക്കാണു് ഇതിനുള്ള ഫെല്ലോഷിപ്പു് ലഭിക്കുക. അപേക്ഷകർക്കു് ബിരുദതലത്തിലോ മാസ്റ്റർ ബിരുദതലത്തിലോ ഒന്നാം ക്ലാസ്സു് നേടിക്കൊണ്ടു് ഫിസിക്സിൽ മാസ്റ്റർ ബിരുദവും, മാസ്റ്റർ ബിരുദം സമ്പാദിച്ചശേഷം രണ്ടു് വർഷത്തെയെങ്കിലും അദ്ധ്യാപനപരമോ, ഗവേഷണപരമോ, പ്രായോഗികമോ ആയ പരിചയവും 20നും 40നും ഇടയ്ക്കു പ്രായവും ഇംഗ്ലീഷ് പരിജ്ഞാനവും ഉണ്ടായിരിക്കണം. ഇതിലേക്കുള്ള അപേക്ഷകൾ സെക്രട്ടറി മിനിസ്ട്രി ഓഫ് എഡ്യൂക്കേഷൻ, സെക്ഷൻ സി. എസ്. 1) കഴ്സൺറോഡ് ബാരക്ക്, 'ഏ' ബ്ലോക്ക്, ഗവമെന്റ് ഓഫ് ഇന്ത്യ, ന്യൂഡൽഹി എന്ന മേൽവിലാസത്തിൽ ഫെബ്രു. 15-ാംനു-ക്കകം കിട്ടത്തക്കവിധം അയക്കേണ്ടതാണു്. ഇതു സംബന്ധിച്ച കൂടുതൽ വിവരങ്ങളും നിശ്ചിത അപേക്ഷാഫാറവും പ്രസ്തുത മിനിസ്ട്രിയിൽനിന്നും ലഭിക്കുന്നതായിരിക്കും.

സ്വ ലേ

....

ഇന്ത്യൻ സംസ്കാരിക പ്രതിനിധിസംഘം സിലോൺ സന്ദർശിക്കുന്നു.

ന്യൂഡൽഹി ഫെ. 7

സിലോൺ ഗവർമ്മെണ്ടിന്റെ ക്ഷണപ്രകാരം ന്യൂഡൽഹിയിലെ ഭാരതീയ കലാകേന്ദ്രത്തിലെയും ഇംഫാലിലെ മണിപ്പൂർ നൃത്തവിദ്യാലയത്തിലെയും 18 അംഗങ്ങളടങ്ങിയ ഒരു സംസ്കാരിക പ്രതിനിധി സംഘം ഇന്നു് സിലോണിലേക്കു് പുറപ്പെട്ടിരിക്കുന്നു.

സിലോണിലെ വ്യവസായിക പ്രദർശനത്തോടനുബന്ധിച്ചു് കൊളമ്പിൽ സംഘടിപ്പിക്കുന്ന ലോകസംഗീതോത്സവത്തിൽ സംഘം പങ്കെടുക്കും. ജാഫ്നാ കാണ്ടി എന്നിവിടങ്ങളിലും അവർ പരിപാടികൾ നടത്തുന്നതാണു്.

....

പഞ്ചായത്തു് ജീവനക്കാരുടെ ക്ഷാമബത്ത ഗവർണ്ണർക്കു് മെമ്മോറാണ്ടം

സ്വ ലേ ആളൂർ, ഫെ 8

ഇടക്കാലാശ്വാസമായി എൻ ജി ഒ മാർക്കും പ്രൈവററ് സ്കൂൾ അദ്ധ്യാപകർക്കും അനുവദിച്ച ക്ഷാമബത്താ വർദ്ധനവു് അവരെക്കാൾ കുറഞ്ഞ ശമ്പളംവാങ്ങുന്നവരും കൂടുതൽ ജോലി ചെയ്യുന്നവരുമായ പഞ്ചായത്തു് ജീവനക്കാർക്കു് കൂടി ബാധകമാക്കുവാൻ അഭ്യർത്ഥിച്ചുകൊണ്ടുള്ള ഒരു മെമ്മോറാണ്ടം ഏ സി റപ്പായി, കേരള ഗവർണ്ണർക്കു് സമർപ്പിച്ചിരിക്കുന്നു.

_0_

മനുഭായിഷാ ലണ്ടനിലേക്കു്

ന്യൂഡൽഹി, ഫെ. 8

ഇന്ത്യയുടെ വാണിജ്യമന്ത്രി മി. മനുഭായിഷാ ഫെബ്രുവരി 10 മുതൽ 12 വരെ ലണ്ടൻ സന്ദർശിക്കുമ്പോൾ ബ്രിട്ടീഷ് വാണിജ്യവകുപ്പുമന്ത്രി മി. ഡഗ്ലസ് ജേയുമായി കൂടിക്കാണുന്നതാണു്.

മി. ഷാ വാണിജ്യവകുപ്പിലെ ഉദ്യോഗസ്ഥന്മാരുമായി സംഭാഷണങ്ങൾ നടത്തും. പിന്നീടു് അദ്ദേഹം ഇന്ത്യയുടെ വാണിജ്യ പ്രതിനിധികളുമായി ബ്രിട്ടനിലേക്കുള്ള ഇന്ത്യൻ കയററുമതി വർദ്ധിപ്പിക്കേണ്ട വിവിധങ്ങളെക്കുറിച്ചു് ചർച്ച നടത്തുന്നതാണു്.

★

ഒരു വിരുതൻശങ്കു അറസ്റ്റിൽ

ഗുരുവായൂർ ഫെ. 6

ഇന്നു പുലർച്ചെ മൂന്നു മണിക്കു് ദേവസ്വം സത്രത്തിൽ നിന്നു് പി. ശ്രീധരൻനായർ എന്നൊരാളെ ചാവക്കാട്ട പോലീസ് സബ്ബ് ഇൻസ്പെക്ടർ കെ. മാധവമേനോൻ അറസ്റ്റുചെയ്തിരിക്കുന്നു.

കൃത്രിമമായി റബ്ബർസ്റ്റാമ്പുകളും ലെറർഹെഡ്ഡുകളും മററും കൊണ്ടുനടന്നു് ഉദ്യോഗം കൊടുക്കാമെന്നു പറഞ്ഞു് പല യുവതികളുടെയും പക്കൽനിന്നു് പണം വാങ്ങി ഇയാൾ അവരെ കബളിപ്പിക്കുന്നതായി ആക്ഷേപമുണ്ടു്. ശ്രീധരൻനായരുടെ സ്വദേശം പേരാമ്പ്രയാണത്രെ. 27 വയസ്സുപ്രായമുണ്ടു് ഇയാൾക്കു്. 20-നും 25-നും മദ്ധ്യേ വയസ്സുപ്രായമുള്ള നാലു് യുവതികൾ അയാളുടെ കൂടെയുണ്ടു്. ഉദ്യോഗത്തിനുവേണ്ടി അവരുടെ പക്കൽനിന്നു് 250-ം 200-ം ഉറുപ്പിക വീതം വാങ്ങിയിട്ടുണ്ടു്. അവർക്കു് ഉദ്യോഗം കൊടുത്തുകഴിഞ്ഞു എന്നാണു് ഇയാൾ പറയുന്നതു്. ഇതിൽ ഒരു സ്ത്രീ മാനേജർ എന്ന പേർവച്ചു് റബ്ബർസ്റ്റാമ്പിൽ ഒപ്പിടുന്നുണ്ടത്രെ. മററുള്ളവർ സെയിൽസ് അസിസ്റ്റൻറുമാരാണെന്നു പറയുന്നു.

ഗുരുവായൂരിലും പലർക്കും ഇയാൾ ഉദ്യോഗം കൊടുക്കാമെന്നു പറഞ്ഞു് പലരെയും തെററിദ്ധരിപ്പിക്കുകയും ഇവിടെത്തുകാരിയായ ഒരു സ്ത്രീ 200 ക. ഉദ്യോഗത്തിനു് സെക്യൂരിററിയായി കൊടുക്കുകയും ചെയ്തുകഴിഞ്ഞിരിക്കുന്നു.

o---o

കോൺഗ്രസ്സ് സ്ഥാനാർത്ഥിക്കു് കെ. ടി. പി. സ്ഥാനാർത്ഥിയെ ഭയം

തൃശ്ശൂർ ഫെ. 8

തൃശ്ശൂർ നിയോജകമണ്ഡലത്തിലെ കെ ടി പി സ്ഥാനാർത്ഥി ശ്രീ സി ജെ ജോണിന്റെ നോമിനേഷൻ പത്രിക തള്ളിക്കുന്നതിന്നു് കോൺഗ്രസ് സ്ഥാനാർത്ഥി ഒരു വിഫലശ്രമം നടത്തുകയുണ്ടായി.

ശ്രീ ജോൺ ഒരു സഹകരണസംഘത്തിന്റെ സിക്രട്ടറിയാണെന്നതായിരുന്നു അദ്ദേഹത്തിന്നെതിരായി ഉന്നയിക്കപ്പെട്ട തടസ്ഥവാദം. പക്ഷെ, ആ തടസ്ഥവാദം നിലനില്പില്ലാത്തതാണെന്നു് വരണാധികാരി വിധിച്ചു.

കെ ടി പി സ്ഥാനാർത്ഥിയുടെ രംഗപ്രവേശം കോൺഗ്രസ്, അണികളിൽ ഒരു പരിഭ്രാന്തി സംജാതമാക്കിയിട്ടുണ്ടു്.

....

ടിബററ്-ചൈനക്കാരുടെ പൈശാചിക പ്രവർത്തനങ്ങളുടെ കൂത്തരംഗം

1958-ൽ പീക്കിങ്ങിന്റെ വിമോചനപ്രസ്ഥാനത്തിന്നിരയായതും ഏതാനും മാസങ്ങൾക്കുള്ളിൽ കീഴടക്കപ്പെട്ടതുമായ ഹിമാലയൻ പർവ്വതപ്രദേശത്തെ 'വിലക്കപ്പെട്ട ഭൂമി'യായ ടിബററിന്റെ കാര്യം ഐക്യരാഷ്ട്ര ജനറൽ അസംബ്ലിയുടെ ഇപ്പോഴത്തെ സമ്മേളനം പുനഃപരിശോധന നടത്തണമെന്നു് മൂന്നു് ഗവർമ്മെണ്ടുകൾ നിർദ്ദേശിച്ചിട്ടുണ്ടു്. 1959ൽ ചൈനക്കാർ ദലായ്ലാമയുടെ സുരക്ഷിതത്വത്തിനെതിരെ ഭീഷണി ഉയർത്തിയപ്പോൾ ടിബററൻ ജനത ശബ്ദമുയർത്തുകയും വിപ്ലവം അഴിച്ചുവിടുന്നതിനു മുമ്പു് ആയിരക്കണക്കിനു് ടിബററുകാരെ ചൈനക്കാർ കൊന്നൊടുക്കുകയും ചെയ്തു.

ദലായ്ലാമ ഇന്ത്യയിലേക്കു് രക്ഷപ്പെടുകയും അനേകസഹസ്രം ടിബററുകാർ നാടുവിട്ടു് ഓടിപ്പോകുകയുമുണ്ടായി.

ചൈനക്കാർക്കെതിരായുള്ള വിപ്ലവത്തെക്കുറിച്ചു് അന്വേഷണം നടത്തിയ ജൂറിമാരുടെ അന്താരാഷ്ട്രീയ കമ്മീഷൻ ഇപ്രകാരം അഭിപ്രായപ്പെട്ടു: 'സാമ്രാജ്യത്വത്തിനും മററും എതിരെ സമരം നടത്തുന്നവരെന്നു് അവകാശപ്പെടുന്നവരുടെ ഏററവും ഹീനമായ സാമ്രാജ്യത്വ കൊളോണിയലിസ പ്രവൃത്തികൾ അവിടെയുണ്ടെന്നു് പ്രഥമദൃഷ്ടിയിൽ മനസ്സിലാകും.'

ടിബററൻ ജനതയ്ക്കു മൌലികമായ മനുഷ്യാവകാശവും സ്വാതന്ത്ര്യവും നിഷേധിക്കുന്ന വിധത്തിലാണു് പീക്കിങ്ങു് പ്രവർത്തിക്കുന്നതെന്നു് 1959-ലും 1961 ലും ഐക്യരാഷ്ട്ര ജനറൽ അസംബ്ലി സ്വീകരിച്ച പ്രമേയങ്ങളിൽ പ്രഖ്യാപിച്ചിട്ടുണ്ടു്.

ജനറൽ അസംബ്ലിയുടെ അടുത്ത സമ്മേളന അജണ്ടയിൽ ടിബററൻ പ്രശ്നം ഉൾപ്പെടുത്തണമെന്നു് എൽ. സാൽവഡോർ, നിക്കാരാഗ്വേ, ഫിലിപ്പൈൻസ് എന്നീ രാജ്യങ്ങളിലെ ഗവർമ്മെണ്ടുകൾ കഴിഞ്ഞ ഒക്ടോബറിൽ ആവശ്യപ്പെട്ടു. 'ടിബററിന്റെ അവകാശങ്ങളും സ്വാതന്ത്ര്യവും നിഷേധിക്കപ്പെടുന്നുവെന്നു് വിശ്വസനീയമായ റിപ്പോർട്ടുകളിൽനിന്നു വെളിപ്പെടുന്നു' എന്നവർ പറയുന്നു. അവരുടെ മെമ്മോറാണ്ടം ഇപ്രകാരം തുടരുന്നു:- '1961-ലെ മുകളിൽ പറഞ്ഞ പ്രമേയം സ്വീകരിച്ച കാലത്തേക്കാൾ കൂടുതലായി മനുഷ്യാവകാശങ്ങളും സ്വാതന്ത്ര്യവും നിഷേധിക്കപ്പെടുന്നുണ്ടെന്നും ടിബററൻ ജനതയുടെ മതസ്വാതന്ത്ര്യവും പൌരസ്വാതന്ത്ര്യവും അടിച്ചമർത്തുന്നുണ്ടെന്നും അന്താരാഷ്ട്രീയ സമൂഹത്തിലെ അംഗരാഷ്ട്രങ്ങൾക്കിടയിൽ ആശങ്കയുളവാക്കുന്ന പരിതസ്ഥിതി അവിടെ നിലനില്ക്കുന്നുണ്ടെന്നുമുള്ള റിപ്പോർട്ടുകൾ ടിബററിൽ നിന്നു് രക്ഷപ്പെടുന്ന അഭയാർത്ഥികൾ നൽകിയ ദൃക്സാക്ഷി വിവരണത്തിന്റെ അടിസ്ഥാനത്തിൽ വിശ്വസിക്കാവുന്നവയത്രെ.'

1959 മാർച്ചിൽ ചൈനക്കെതിരെ ഉണ്ടായ വിപ്ലവത്തിന്റെ അഞ്ചാംവാർഷികദിനത്തിൽ ദലായ്ലാമ പുറപ്പെടുവിച്ച ഒരു പ്രസ്താവനയിൽ ഇപ്രകാരം പറയുന്നു:- "ടിബററൻ വർഗ്ഗവിച്ഛേദം, അവരുടെ മതപരമായ വിശ്വാസം നശിപ്പിക്കൽ എന്നിവയെ മുൻനിറുത്തി നടത്തുന്ന അപരിഷ്കൃതമായ അക്രമപ്രവർത്തനങ്ങൾ ഇപ്പോഴും തുടരുന്നുണ്ടു്. ജനങ്ങൾ സമരം നടത്തുന്നുമുണ്ടു്.

ചൈനക്കാർ 65000-ത്തോളം ടിബററുകാരെ കൊന്നൊടുക്കിയെന്നും 10000 ആളുകളെ തടവിലാക്കിയെന്നും മൊത്തം ഒരു ലക്ഷം ആളുകളെ നാടുകടത്തിയെന്നും വിശ്വസനീയമായ അധികൃതവൃത്തങ്ങൾ കണക്കാക്കിയിരിക്കുന്നു.

ബാഹ്യലോകവുമായുള്ള ടിബററിന്റെ സകല ബന്ധങ്ങളും അവസാനിപ്പിച്ചിരിക്കയാണു്. അതിർത്തിയിലെ കാവൽഭടന്മാർ അഭയാർത്ഥിപ്രവാഹത്തെ തടയുന്നുണ്ടെങ്കിലും നേപ്പാൾ, സിക്കിം, ഭൂട്ടാൻ, ഇന്ത്യ എന്നിവിടങ്ങളിലേക്കു് ചിലർ രക്ഷപ്പെടുന്നുണ്ടു്. ടിബററിലെ സംഭവങ്ങളെക്കുറിച്ചു് അഭയാർത്ഥികൾ ഇതേവിധത്തിലുള്ള കഥകൾ പറയുന്നതായി വാർത്താവിതരണ ഏജൻസികളും റിപ്പോർട്ടുചെയ്യുന്നു.

ടിബററൻ ജനതയെ ഉന്മൂലനാശം വരുത്തുന്നതിനും അവരുടെ ജീവിതരീതി മാററിമറിക്കുന്നതിനുമുള്ള പീക്കിങ്ങു് ഭരണകക്ഷിയുടെ പരിപാടി നടപ്പാക്കിവരികയാണിപ്പോൾ. പത്തുവർഷത്തിനുമുമ്പു് തുടങ്ങിയ കുടിയേററപ്രസ്ഥാനമനുസരിച്ചു് 1200000 ടിബററുകാരുടെയിടയിൽ ആയിരക്കണക്കിനു് ചൈനക്കാർ അധിവാസമാക്കി. ടിബററുകാരേക്കാൾ മൂന്നിരട്ടിയോ രണ്ടിരട്ടിയോ അധികമാണു് അവിടെ ഇപ്പോൾ ചൈനക്കാരുടെ സംഖ്യ. കുടിയേററക്കാരിൽ പലരും ടിബററൻ ബാലികമാരെ കല്യാണവും കഴിച്ചു. ടിബററൻ കുട്ടികളെ ചൈനീസ് വസ്ത്രം ധരിക്കുന്നതിനും ചൈനീസ് ഭാഷ സംസാരിക്കുന്നതിനും പഠിപ്പിച്ചു. വിദ്യാഭ്യാസത്തിനും ആശയം കുത്തിവെപ്പിനുമായി സമർത്ഥരായ വിദ്യാർത്ഥികളെ ചൈനയിലേക്കു് അയക്കാറുണ്ടു്.

ടിബററിലെ മതമായ ലാമാ ബുദ്ധമതം അടിച്ചമർത്തുകയും ആരാധന നിരുത്സാഹപ്പെടുത്തുകയും ചെയ്യുന്നു. സന്യാസി മഠങ്ങളിൽ ചിലതു് നശിപ്പിക്കുകയും മററ ചിലതു് വിമോചനസേനയിലെ ചൈനീസ് ഉദ്യോഗസ്ഥന്മാർക്കും ഭടന്മാർക്കുംവേണ്ടി താമസസ്ഥലങ്ങളാക്കി മാററുകയും ചെയ്തു.

ടിബററിലെ ഭക്ഷ്യക്ഷാമം ഗുരുതരമാണെന്നു് അഭയാർത്ഥികൾ പറയുന്നു. ഉല്പന്നങ്ങളുടെ 20 ശതമാനം കയ്യിൽ സൂക്ഷിക്കാനേ കൃഷിക്കാരെ അനുവദിക്കു. ബാക്കിയുള്ളതു് ടിബററിലെ ചൈനക്കാർക്കു് കൊടുക്കയോ സഞ്ചിതഭക്ഷ്യക്ഷാമം അനുഭവപ്പെടുന്ന ചൈനയിലേക്കു് അയക്കുകയോ വേണം. നിർബ്ബന്ധിത 'സന്നദ്ധതൊഴിൽ' അവിടെ സർവ്വസാധാരണമത്രെ. ദിവസം കുറഞ്ഞതു് 18 മണിക്കൂറെങ്കിലും ടിബററുകാർ പണിയെടുക്കേണ്ടതുണ്ടു്. പലരും ക്ഷീണവും പട്ടിണിയും കാരണം മരിച്ചതായി റിപ്പോർട്ടുചെയ്യപ്പെട്ടിരിക്കുന്നു.

ജനങ്ങളുടേയും രാഷ്ട്രങ്ങളുടേയും സ്വയം നിർണ്ണയാവകാശമുൾപ്പെടെ ഐക്യരാഷ്ട്ര സംഘടനയുടെ ചാർട്ടറിലും മനുഷ്യാവകാശങ്ങളെക്കുറിച്ചുള്ള ആഗോള പ്രഖ്യാപനത്തിലും നിർദ്ദേശിച്ചിരിക്കുന്ന മൌലിക മനുഷ്യാവകാശങ്ങളുടെയും സ്വാതന്ത്ര്യത്തിന്റെയും ധ്വംസനമാണു് ടിബററിലെ സംഭവവികാസങ്ങളെന്നു് 1961-ൽ ജനറൽ അസംബ്ലി സ്വീകരിച്ച പ്രമേയത്തിൽ പറയുന്നുണ്ടു്.

ഐക്യരാഷ്ട്ര സംഘടനയിൽ അംഗത്വം ആവശ്യപ്പെടുന്ന ചൈന ചാർട്ടറിനോടോ പ്രഖ്യാപനത്തോടോ യാതൊരു ആദരവും പ്രകടമാക്കിയിട്ടില്ല.

—o....

മാരാമൺ കൈസ്തവ കൺവെൻഷൻ

(പ്രത്യേക ലേഖകൻ)

മാരാമൺ, ഫെ. 7

"ദൈവരാജ്യത്തിൻറെ അവകാശികളായി തീരുവാൻ, തന്നിൽത്തന്നെ സമാധാനവും, മറ്റുള്ളവരോടും ദൈവത്തോടും സമാധാനവും ഉണ്ടാകുന്നു"

സുപ്രസിദ്ധ അമേരിക്കൻ മിഷ്യനറി ഡോ: മെയ്മണ്ട് കുയ്പർ ചെയ്ത ആവേശകരമായ പ്രസംഗം.

നിങ്ങളുടെ പിതാവ് സൽഗുണപൂർണ്ണനായിരിക്കണമെങ്കിൽ നിങ്ങളും സൽഗുണപൂർണ്ണരായിത്തീരണമെന്നും, തൻറെ അയൽക്കാരനെ തന്നെപ്പോലെ തന്നെ സ്നേഹിക്കണമെന്നും, ദൈവരാജ്യത്തിൻറെ മഹത്വത്തിനുവേണ്ടി ആ ഉത്പത്തിൻറെ ഏകീകരണം ആവശ്യമാണെന്നും സുപ്രസിദ്ധ അമേരിക്കൻ പ്രസംഗകനായ ഡോ. മെയ്മണ്ട് കുയ്പർ ഇവിടെ കൂടിയിരിക്കുന്ന മാരാമൺ കൺവൻഷൻറെ ഉത്ഘാടനയോഗത്തിൽ ചെയ്ത പ്രസംഗത്തിൽക്കൂടി ജനങ്ങളെ ആഹ്വാനം ചെയ്തിരിക്കുന്നു.

യൂഹാനോൻ മാർത്തോമ്മാ മെത്രാപ്പോലീത്താ തിരുമേനിയുടെ പ്രാർത്ഥനാനന്തരം സുവിശേഷസംഘം ജനറൽ സെക്രട്ടറി റവ.ഡോ.സി ഇ ഏബ്രഹാം സ്വാഗതം പറഞ്ഞ ഡോ: മത്തായി മാർ അത്താനാസ്യോസ് എപ്പിസ്കോപ്പാ, തോമസ്സ് മാർ അത്താനാസ്യോസ് എപ്പിസ്കോപ്പാ എന്നിവരും സന്നിഹിതരായിരുന്നു. മോർ മാത്യൂസ് മാർ അത്താനാസ്യോസ് എപ്പിസ്കോപ്പാ, തോമസ്സ് മാർ അത്താനാസ്യോസ് എപ്പിസ്കോപ്പാ എന്നിവരും സന്നിഹിതരായിരുന്നു. ലോകമാകമാനമുള്ള ക്രിസ്തീയ നേതാക്കന്മാർ ഇവിടെ കൂടിയിരിക്കുന്നു. ക്രിസ്തീയ ഐക്യത്തിനുവേണ്ടിയുള്ള പ്രവർത്തനത്തിൻറെ ഉദ്ദേശം യോഹന്നാൻ 17-ാം അദ്ധ്യായം 1-17 വരെയുള്ള വാക്യത്തെ ഉദ്ധരിച്ചുകൊണ്ട് അദ്ദേഹം പ്രസംഗിച്ചു.

അദ്ദേഹം തുടർന്നു:- ഇന്നു നിങ്ങൾ മനുഷ്യരെ വണ്ണുന്ന ദൃഷ്ടി എല്ലാവർക്കും അറിയാവുന്ന വാക്യത്തെ ഉദ്ധരിച്ചുകൊണ്ട് അദ്ദേഹം പ്രസംഗിച്ചു. തൻറെ കുഞ്ഞാടുകളെ വിശ്വസിക്കുന്ന ഏതൊരു നല്ലിടയനും അവരുടെ നിത്യജീവൻ പ്രാപിക്കുന്നതിൽ വിശ്വാസം ദൈവം അവനെ സ്നേഹിച്ചു. ഈ വാക്യം എഴുതപ്പെട്ട സ്ഥാനത്തും കുറിച്ചായ യേശുക്രിസ്തു ജീവിച്ച കാലത്തും അതായതു രണ്ടായിരം വർഷങ്ങൾക്കു മുമ്പ് ഇന്ത്യയിൽ നല്ല സംസ്കാരം നിലനിന്നിരുന്നു. യൂറോപ്പും, അമേരിക്കയും, ആഫ്രിക്കയും എല്ലാം സംസ്കാരികമായി രംഗത്തുപോലും സ്ഥിതിയിലായിരുന്നു. റോമാസാമ്രാജ്യം ഇന്ത്യ തഴച്ചുവളർന്നിരുന്ന കാലത്തായിരുന്നു. ലോകമാകമാനമുള്ള നീതി നടത്തിയതു റോമിലെ കോടതികളായിരുന്നു. ഇവ കാലഘട്ടത്തിലാണ് അറിയപ്പെടാത്ത ഉൾപ്രദേശങ്ങളും നമ്മുടെ കർത്താവ് പ്രസംഗിക്കുകയും പ്രവർത്തിക്കുകയും ചെയ്തു.

അദ്ദേഹത്തിനു എഴുത്തറിയാവുന്നതായി രേഖയില്ല. തൻറെ കാലത്തു് അറിയപ്പെടാത്തവനും അകലപ്പെട്ടവനുമായിരുന്നു അദ്ദേഹം. എന്നാൽ അനേകശതാബ്ദങ്ങൾ കഴിഞ്ഞിട്ടും അവൻറെ വാക്കുകൾ അനേകലക്ഷം ഭവനങ്ങളിൽ അവൻറെ സുവിശേഷങ്ങൾ പഠിപ്പിക്കപ്പെടുകയുണ്ടായിരുന്നു. ഇതു് ലോകത്തിലെ ഏറ്റവും വലിയ അത്ഭുതമല്ലേ എന്നു നോക്കണം. നാലു സുവിശേഷങ്ങളിലും വീഴ്ത്തപ്പെട്ടിട്ടുള്ള ഏവരുടെയും ശ്രദ്ധയെ ആകർഷിക്കുന്നവയാണ്". കർത്തായായേശുവിൻറെ പ്രധാനമായ കാര്യം മാത്രമാണ്. രോഗികളിൽ സുഖം വരുത്തുക, അന്ധർക്കു കാഴ്ച കൊടുക്കുക" എന്നിവയാണ്. കർത്തായിൻറെ പരിപൂർണ്ണമായ സുവിശേഷവും അനേകം പ്രസംഗങ്ങളിൽ നിന്നും, പ്രധാനഭാഗങ്ങളും എടുത്തതായിരുന്നു. അദ്ദേഹം അനേകം ഉപമകളും പഠിപ്പിച്ചു എന്നു കാണുന്നുണ്ട്. പക്ഷേ വളരെക്കുറച്ചു ഉപമകളെ നാം സുവിശേഷങ്ങളിൽ കാണുന്നുള്ളൂ. ഇതിനു കാരണം സുവിശേഷങ്ങളിൽത്തന്നെ കാണുന്നു. അതിൽ ഏറ്റവും പ്രധാനപ്പെട്ടവ സമാഹരിച്ചിട്ടുള്ളതാണ്. ദൈവത്തിങ്കലേക്കു സുവിശേഷത്തിൻറെ വളർച്ചയിലുള്ള സുവിശേഷപ്രവർത്തനങ്ങളാണ്. ഇവയെല്ലാം സുവിശേഷത്തിൻറെ വളർച്ചയെ ലാക്കാക്കിയുള്ളവയാണ്, മത്തായി, മാർക്കോസ്, ലൂക്കോസ് എന്നിവരുടെ സുവിശേഷങ്ങളും പല കാര്യങ്ങളിലും ഏകീകൃതപ്രകൃതമുള്ളവയാണ്. ആദ്യത്തെ മായ വീക്ഷണത്തിൽ എഴുതിയതാണെന്നു തോന്നുന്നു. സുവിശേഷം. വസ്തുതകളുടെ ആന്തരിക അർത്ഥവും ആദ്യത്തെ പ്രതിപാദിക്കുന്നതിനും കാണിക്കാനുള്ള ശ്രമമാണ് യോഹന്നാൻ ശ്രമിച്ചിട്ടുള്ളത്. യോഹന്നാൻറെ സുവിശേഷം മറ്റു നാലു സുവിശേഷങ്ങളിൽ നിന്നും വ്യത്യസ്തമായിരുന്നു. ഇതിനു കാരണം യോഹന്നാൻ ശ്രീയേശുവിനെ മറ്റുള്ളവരുമായുള്ള ബന്ധത്തിലാണ് നമ്മുടെ യഥാർത്ഥരൂപം അറിയുന്നതു്. മറ്റുള്ള വരുമായുള്ള ബന്ധത്തിലാണ് നമ്മുടെ യഥാർത്ഥരൂപം അറിയുന്നതു്. മറ്റുള്ളവ

മണലൂർ മണ്ഡലത്തിലെ തെരഞ്ഞെടുപ്പ് പ്രവർത്തനം

(സ്വ ലേ) അന്തിക്കാട്, ഫെ. 8

മണലൂർ നിയോജകമണ്ഡലത്തിൽ ശ്രീ ബി. വെല്ലിംഗ്ടൺ ഒരു സ്വതന്ത്രാനാർത്ഥിയായി മത്സരിക്കുന്നതിനെതിരെ തീരുമാനിച്ചപ്പെട്ട പ്രവർത്തകരുടെ ഇടയിൽ ഒരു പുതിയ ഉണർവ്വ് കാണാൻ ഇടയായിരിക്കുന്നു.

വിവിധ ചിന്താഗതിക്കാരായ പ്രസ്തുത മണ്ഡലത്തിലെ സമ്മതിദായകരും പ്രവർത്തകരും ശ്രീ വെല്ലിംഗ്ടണെ വിജയിപ്പിക്കുമെന്നും ദുഷ്പ്രചരണങ്ങളെയുന്തള്ളി രംഗത്തിറങ്ങുന്ന ആവേശകരമായ കാഴ്ചയാണ് മണലൂർ നിയോജകമണ്ഡലത്തിൻറെ വിവിധകേന്ദ്രങ്ങളിൽക്കാണാൻ കഴിയുന്നത്.

7-ംനം- അന്തിക്കാട്ട ചേർന്ന ഒരു തെരഞ്ഞെടുപ്പു കാര്യാലോചനാ യോഗത്തിൽ ഇരുനൂറോളം പ്രവർത്തകർ പങ്കെടുത്തിരുന്നു.

പ്രസ്തുത മണ്ഡലത്തിലെ എല്ലാ പഞ്ചായത്തുകളിലും താഴെപ്പറയുന്ന പരിപാടി അനുസരിച്ച് തെരഞ്ഞെടുപ്പ് കമ്മറ്റികൾ രൂപീകരിക്കുന്നതാണ്.

1. ചാഴൂർ പഞ്ചായത്തിലെ പ്രവർത്തകയോഗം 10_2_1965 2 P M.
2. മണലൂർ പഞ്ചായത്തിലെ പ്രവർത്തകയോഗം 10_2_65 8 P. M.
3. താന്നിയം പഞ്ചായത്തിലെ പ്രവർത്തകയോഗം 11_2 65 7 P. M.
4. പേർപ്പുപഞ്ചായത്തിലെ പ്രവർത്തകയോഗം 11_2_65 8 P. M.
5. അരിമ്പൂർ പഞ്ചായത്തിലെ പ്രവർത്തകയോഗം 12_2_65 8 P. M.
6. അന്തിക്കാട്പഞ്ചായത്തിലെ പ്രവർത്തകയോഗം 13_2_65 7 P. M.
7 പാറളംപഞ്ചായത്തിലെ പ്രവർത്തകയോഗം 13_2_65 7 P. M.

പ്രസ്തുത നിയോജക മണ്ഡലത്തിലെ പഞ്ചായത്തു പ്രവർത്തകയോഗങ്ങളിലെ നിർദ്ദേശങ്ങൾക്ക അടിയന്തിരമായി 14-2-1965 ശനിയാഴ്ച ഉച്ചക്ക രണ്ടു മണിക്ക്, അന്തിക്കാട്ടുവെച്ച് വിപുലമായ, നിയോജകമണ്ഡലാടിസ്ഥാനത്തിലുള്ള തെരഞ്ഞെടുപ്പ് ആലോചനാസമ്മേളനം കൂടുന്നതാണ്.

----•----

ജർമ്മൻ ഗവേഷണ കപ്പൽ നാളെ കൊച്ചിയിലെത്തും.

(സ്വ ലേ) എറണാകുളം ഫെ: 8

ജർമ്മൻ ഫെഡറൽ റിപ്പബ്ലിക്കിന്റെ ഗവേഷണാർത്ഥമുള്ള "Meteav" ഫെബ്രുവരി 10-ന് കൊച്ചിയിലെത്തുന്നതാണ്. 13വരെ കപ്പൽ ഇവിടെ ഉണ്ടായിരിക്കും. കഴിഞ്ഞ ഒക്ടോബറിലാണ് സമുദ്രഗവേഷണാർത്ഥം അത് ജർമ്മനി വിട്ടത്.

2340 ടൺ ഭാരമുള്ള ഈ കപ്പലിന് 82 മീറ്റർ നീളവും 13.5 മീറ്റർ വിസ്താരവുമുണ്ട്. കപ്പൽജോലിക്കാർ [53] പുറമെ 24 ശാസ്ത്രജ്ഞന്മാർ ഇതിൽ സഞ്ചരിക്കുന്നുണ്ട്.

ജനനം കൂടുതൽ ഉണ്ണികൾ വസന്തി നടത്തുന്നു

ഹാംബർഗ് (ജർമ്മനി) പ്രസവസംബന്ധമായ ശൈത്യത്തിൽ പ്രത്യേക പരിശീലനം ലഭിച്ചിട്ടുള്ള പശ്ചിമ ജർമ്മനിയിലെ ഒരു ഡോക്ടർ ശീതോഷ്ണസ്ഥിതിക്കും ശിശുജനനത്തിനും തമ്മിൽ വലിയ ബന്ധമുണ്ടെന്ന് കണ്ടുപിടിച്ചിരിക്കുന്നു. വേനൽക്കാലത്ത് പൂട്ട് ഏറ്റവും കൂടുതൽ ഉള്ള ദിവസ്സത്തിനടുത്തായി വസന്തമാണ് കൂടുതൽ ശിശുക്കൾ ജനിക്കുന്നതെന്ന് അദ്ദേഹത്തിൻറെ ഗവേഷണങ്ങളിൽനിന്നും തെളിഞ്ഞിരിക്കുന്നു. അതുപോലെ ഏറ്റവും കുറവ് കൂടുതൽ തണുപ്പുള്ള ദിവസ്സത്തിനടുത്ത ദിവസ്സവുമാകുന്നു. ഇക്കാലത്തും ഗ്രാമങ്ങളിൽ ചൂടുപിടിപ്പിക്കാനുള്ള വസ്തുക്കളുടെ മഞ്ഞുകാലത്തും അധികമായി പുറത്തുപോകാനുള്ള കൊണ്ടുപോകാവാഹനസൗകര്യവും സാരമായി ബാധിക്കുന്നില്ല.

ബാഡ്മിന്റൺ ലിസ്റ്റിലെ നൃത്തങ്ങളിനിലെ സ്ത്രീകൾക്കായുള്ള ആദ്യചുവടിയിലെ ഡോക്ടർ സെക്കറിയാസ് ശീതോഷ്ണസ്ഥിതിയും ശിശുജനനവുംതമ്മിലുള്ള ബന്ധത്തെപ്പറ്റി ഇതിനുമുമ്പ് നടത്തിയ ചില അന്വേഷണങ്ങളുടെ ഫലമാണിവ.

ജർമ്മൻ റിസർച്ച് സൊസൈറ്റിയുടെ സഹായത്തോടെ 1959 ജനുവരി, ജൂലായ്, ആഗസ്റ്റ് ഈ മാസങ്ങളിൽ പശ്ചിമജർമ്മനിയിലെ എല്ലാ നഗരങ്ങളിലും ജനിച്ച ശിശുക്കളുടെ ഒരു കണക്കെടുക്കുകയുണ്ടായി, ഇതിന് വേണ്ടി ഈ വർഷം തിരഞ്ഞെടുക്കാനുള്ള കാരണം ആ മാസങ്ങളിൽ വേനൽക്കാലത്തെപ്പോലെ കൂടുതൽ അതുഗ്രമായിരുന്നതുകൊണ്ടാണ്. എല്ലാ നഗരങ്ങളിലും ഏറ്റവും കൂടുതൽ ജനിച്ചതു രണ്ടാമതായിരുന്നതുകൊണ്ടാണ് ആ കണക്കെടുപ്പുകാരം കാണുന്നത്.

ഖനി ഡിസിയോഗങ്ങൾ

തൃശൂർ, ഫെ. 8

തൃശൂർ ജില്ലയിലെ ചാലക്കുടി, ഒല്ലൂക്കര, കൊടുങ്ങല്ലൂർ, അന്തിക്കാട്, പൊന്നൂർ, ചേർപ്പ് പുഴക്കൽ കൊകരമുള്ള് ശ്രീ വടക്കുമ്പേരി എന്നിവിടങ്ങളിലെ ഡവലപ്പ്മെൻറ് കമ്മിറ്റികൾക്കു യഥാക്രമം ഫെബ്രുവരി 15, 16, 17, 18 19, 20, 22, 23, 24, 25 എന്നീ തീയതികളിൽ ഉച്ചതിരിഞ്ഞ് മൂന്നുമണിക്ക് വേണ്ടി ഡിവിഷണൽ ഓഫീസർ എം പി കൃഷ്ണൻനായരുടെ അദ്ധ്യക്ഷതയിൽ യോഗം വിളിച്ചുകൂട്ടുവാനും നിശ്ചയിച്ചു. അടുത്തുതന്നെ ഒരു പ്രസ്കോൺഫറൻസ് വിളിക്കുന്നതിനും തീരുമാനിച്ചു. വലിയ കോവിലകത്തു വെച്ച് പൊവ്വൂർ ജനറൽ ബോഡിയോഗം ചേരുന്നതാണ്.

കമ്മ്യൂ. പാർട്ടിയുടെ തെരഞ്ഞെടുപ്പ് കമ്മിറ്റി

തൃശൂർ നിയോജകമണ്ഡലത്തിലെ കമ്മ്യൂണിസ്റ്റ് പ്രവർത്തകന്മാരുടേയും സുഹൃത്തുക്കളുടേയും ഒരു യോഗം ഇന്നലെ ടൗൺഹാളിൽ സ. പി ശിവശങ്കരമേനോന്റെ അദ്ധ്യക്ഷതയിൽകൂടി, കമ്മ്യൂണിസ്റ്റ് സ്ഥാനാർത്ഥി സ. സി. എൽ. വർക്കിയെ വിജയിപ്പിക്കുന്നതിനുള്ള പ്രവർത്തനപരിപാടികൾ ആവിഷ്കരിക്കുകയും 501 പേരുള്ള ഒരു തിരഞ്ഞെടുപ്പുകമ്മിറ്റി രൂപീകരിക്കുകയും ചെയ്തിരിക്കുന്നു.

നാല്പതിനായിരം വർക്ഷം പഴക്കമുള്ള ആഭരണം കണ്ടെത്തി

സമർക്കണ്ട്. ഫെ. 5

ഉസ്ബെക്കി സ്താനിലെ സമർക്കണ്ടിൽ ഒരു ക്രോ-മാഗ്നൻ (ഒരു തരംശം) സൈറ്റിൽ കിട്ടിച്ചകൊണ്ടിരിക്കയോടും 40000 വർഷത്തിനു മുമ്പ് ജീവിച്ചു മനുഷ്യൻ ഉപയോഗിച്ചിരുന്ന കരഭരണം കണ്ടുകിട്ടിയിരിക്കുന്നു. ഒരു ഉത്തരത്തിൻറെ വാരിയെല്ല. ഒരു ശങ്കം അങ്ങനെയാണ് ഈ ആഭരണം. ഈ ശങ്കം ഗോതമ്പുവർഗ്ഗത്തിനും തമ്മിലുള്ള യാദൃച്ഛികമായ സ്ഥലമാറ്റത്തിൻറെ ഫലമായി ഇന്തുസമുദ്രതീരത്തു നിന്നും മദ്ധ്യേഷ്യയിലെത്തിയതായിരുന്നു വിശ്വസിക്കപ്പെടുന്നു.

നീണ്ടതലയോടും കഠിനമുഖമായുള്ള ഒരു നരവംശ (ക്രോമാഗ്നൻ) ത്തിൻറെ പാപ്പിടങ്ങളുടെ അവിഷ്കാരം സമർക്കണ്ടിൽ നേരത്തെ കണ്ടെത്തിയിട്ടുണ്ട്.

ജാസ്

ജീവിതത്തിൽ ശാസ്ത്രീയ സമീപനംവേണം

വി കെ. കൃഷ്ണമേനോൻറെ പ്രസംഗം

(സ്വ ലേ) എറണാകുളം ഫെ. 8

ജീവിതത്തോട് ശാസ്ത്രീയസമീപനവും അതിന്നിണങ്ങിയ വീര്യോത്സാഹവുമാണ് ഇന്ത്യക്കിന്നാവശ്യമെന്ന് മഹാരാജാസ് കോളേജിൽവെച്ച് മൻ രാജ്യരക്ഷാമന്ത്രി വി. കെ. കൃഷ്ണമേനോൻ പ്രസ്താവിച്ചിരിക്കുന്നു.

കൃഷ്ണമേനോൻ 11_15നാണ് ഇന്നിവിടെ എത്തിയത്.

ശാസ്ത്രീയസമീപനം വളർത്തുവരേണ്ടിയിരിക്കുന്നു എന്നും ഇരുപതിക ചിന്താഗതിക്കെപ്പം അതിനും സ്ഥാനം ലഭിക്കണമെന്നും അദ്ദേഹം പറഞ്ഞു. പ്രതിരോധായുധനിർമ്മാണത്തേക്കാൾ കൂടുതൽ രാജ്യത്തിൻറെ രക്ഷ എങ്ങിനെ നേടിയെടുക്കാമെന്നതി നെക്കുറിച്ചായിരിക്കണം നമ്മുടെ ശാസ്ത്രീയചിന്ത നീങ്ങുന്നത്.

തൃശൂർ വാർത്തകൾ

[സ്വ. ലേ] ഫെബ്രുവരി 6

സ്വതന്ത്രപോട്ടി ജില്ലാകമ്മിറ്റി

സ്വതന്ത്രപാർട്ടി തൃശൂർജില്ലാ കമ്മിറ്റിയുടെ ഒരു യോഗം രാവിലെസമയത്തിൽ വെച്ച് ഭരത് തമ്പുരാൻറെ അധ്യക്ഷതയിൽ ചേർന്ന് ജില്ല സെക്രട്ടറി ഡോ. മാസ്വനാഥലിൻറെ രാജി സ്വീകരിച്ചിരിക്കുന്നു.

പുതിയ ജില്ലാ സെക്രട്ടറിയായി യോഗം വെങ്കിട്ടരായരെ തിരഞ്ഞെടുത്തു. ചാർക്കോള ലാസർ ജോസഫിനെ വൈസ്പ്രസിഡൻറ് സെക്രട്ടറിയായും ജോർജ്ജ് ചിറയത്തിനെ ട്രഷറർ സെക്രട്ടറിയായും യോഗം തിരഞ്ഞെടുക്കുകയുണ്ടായി. 9-ംനം- ചെയ്ത പാർട്ടിയുടെ ജനറൽ ബോഡിയോഗം വിളിച്ചുകൂട്ടുവാനും നിശ്ചയിച്ചു. അടുത്തുതന്നെ ഒരു പ്രസ്കോൺഫറൻസ് വിളിക്കുന്നതിനും തീരുമാനിച്ചു. വലിയ കോവിലകത്തു വെച്ച് പൊവ്വൂർ ജനറൽ ബോഡിയോഗം ചേരുന്നതാണ്.

കമ്മ്യൂ. പാർട്ടിയുടെ തെരഞ്ഞെടുപ്പ് കമ്മിറ്റി

തൃശൂർ നിയോജകമണ്ഡലത്തിലെ കമ്മ്യൂണിസ്റ്റ് പ്രവർത്തകന്മാരുടേയും സുഹൃത്തുക്കളുടേയും ഒരു യോഗം ഇന്നലെ ടൗൺഹാളിൽ സ. പി ശിവശങ്കരമേനോന്റെ അദ്ധ്യക്ഷതയിൽകൂടി, കമ്മ്യൂണിസ്റ്റ് സ്ഥാനാർത്ഥി സ. സി. എൽ. വർക്കിയെ വിജയിപ്പിക്കുന്നതിനുള്ള പ്രവർത്തനപരിപാടികൾ ആവിഷ്കരിക്കുകയും 501 പേരുള്ള ഒരു തിരഞ്ഞെടുപ്പുകമ്മിറ്റി രൂപീകരിക്കുകയും ചെയ്തിരിക്കുന്നു.

വാഴത്തോപ്പിൽ കുടിയിറക്കപ്പെട്ടവർ

മാച്ചുവട്ടുകളിൽ ജീവിക്കുന്ന കുറെ ഹതഭാഗ്യർ

(പ്ര. ലേ) വാഴത്തോപ്പ്, ഫെ. 5

ഇടുക്കി സ്റ്റാഫ് കോളനിക്കവേണ്ടി വാഴത്തോപ്പിൽ കുടിയിറക്കപ്പെട്ട 27 കർഷക കുടുംബങ്ങളിലെ ഛിന്നഭിന്നരായ 138 അംഗങ്ങൾ ഇപ്പോഴും മരങ്ങളുടെ ചുവട്ടിൽതന്നെ കഴിയുകയാണ്.

കൈക്കുഞ്ഞുങ്ങളും ഗർഭിണികളും വയോവൃദ്ധകളും ഇക്കൂട്ടത്തിലുണ്ട്.

ഇടുക്കി ഡാംസൈറ്റിൽനിന്ന് ഏകദേശം രണ്ടരമൈൽ താഴെയുള്ള ഈ സ്ഥലത്തുള്ള കൃഷി തുടങ്ങിയിട്ട് പത്തുപതിനാല വർഷങ്ങളായി. യുധാനന്തരകാലങ്ങളിൽ ഗവർമ്മെന്റിൻറെ 'ഗ്രോമോർ ഫുഡ്' പദ്ധതിയനുസരിച്ച് ട്രൈ അലോട്ടുചെയ്ത കിട്ടിയവരും 1956 മുതൽ 1,000 ക. വരെ ഗവർമ്മെൻറനുവദിച്ചുകിട്ടിയവരും ഇവിടെ സെക്യൂരിറ്റി അടച്ചു ട്രൈ കൈവശം വച്ചനുഭവിക്കുന്നവരും കത്തുകളും തുടച്ചയായി കൊടുത്തുകൊണ്ട് ട്രൈ കൈവശാവകാശപ്പെടുത്തിയിട്ടുള്ള വരുമെല്ലാം ഈ കൃഷിക്കാരുടെ കൂട്ടത്തിലുണ്ട്. കൈവശഭൂമിയിൽ വാഴയും സ്വയും പതിവ് നടപടികളും നിന്നിട്ടുണ്ട്. ഇങ്ങനെ പ്രത്യക്ഷമായോ പരോക്ഷമായോ ഗവർമ്മെൻറ് അംഗീകാരം കിട്ടിയിട്ടുള്ള സ്ഥലങ്ങളാണ് തങ്ങളുടെ കയ്യിലുള്ളതെന്ന വിശ്വാസം ഭൂമിയിൽ കിടത്തിൽ അല്പമെങ്കിലും ചെലുത്തുന്നതിനും സ്ഥിരഭേഷണങ്ങളും നടത്തുന്നതിനും കൃഷിക്കാരെ പ്രേരിപ്പിച്ചു. കുടാതെ പുഴയിൽ-കീരിത്തോട്ടിൽനിന്നും കടിയിറക്കിയ മൺതറാളം കട്ടപ്പലകളുമുപയോഗിച്ചു ട്രൈ കുടിയിരുത്തിയിട്ടുള്ളതുകൊണ്ടു ട്രൈ കുടിയിറക്കലേഖലയല്ലെന്നും ഇവിടെ കുടിയിറക്കലുണ്ടാകുകയില്ലെന്നുമാണ് കൃഷിക്കാർ വിശ്വസിച്ചിരുന്നത്.

ഈ പ്രദേശം കോളനിക്കവേണ്ടി ഏറ്റെടുക്കുന്നതിനായി തിരിച്ചിട്ടിട്ട് രണ്ടുവർഷം കഴിഞ്ഞു. ഇതിനിടയിൽ ഈ പ്രശ്നത്തിനു പരിഹാരമുണ്ടാക്കുന്നതുസംബന്ധിച്ച് കർഷക പ്രതിനിധികളും ധാരാളം മെമ്മോറാണ്ടങ്ങളും മറ്റും നൽകുകയുണ്ടായി. ഇടുക്കി പ്രോജക്ടിൻറെ ആവശ്യത്തിലേക്ക് സ്ഥലമേറ്റെടുക്കുന്ന വാഴത്തോപ്പിലെ ഈ കൃഷിക്കാരെ യാതൊരുതരത്തിലുപ്പും ഒരു കാലത്തും പ്രകടിപ്പിച്ചിട്ടില്ലാത്തതാണ്. സഹകരണപ്രദമായ സ്ഥലവും, ശരിയായ ഭേദണ്ഡവിലയും കിട്ടണമെന്നുള്ള മാത്രമേ അവരന്നും ഇന്നും ഈ വശ്യപ്പെടുന്നുള്ളൂ. ഇപ്പോൾത്തന്നെ കെട്ടിടംവക്കുന്നതിനും റോഡുകിടവെട്ടുന്നതിനും മറ്റുമായി അവർ കൈവശസ്ഥലം വിട്ടുകൊടുത്തിരിക്കുകയാണ്.

ഗവർമ്മെൻറ് ഈ കൃഷിക്കാരെ കുടിയിരുത്തുന്നതിനായി നിർദ്ദേശിച്ചിട്ടുള്ള മണിയാഠംകുടിയും ഭൂമിയുമെല്ലാം മറ്റാരും വാസയോഗ്യവും സഹകര്യപ്രദവുമല്ലെന്നാണ് കൃഷിക്കാരുടെ പക്ഷം. അവിടെയുള്ള കൃഷിക്കാരുടെ നിർബന്ധത്തിനു ചില കാരണങ്ങളും ഉണ്ട്. അവ ചുവടെ ചേർക്കുന്നു:

1. താന്നിക്കണ്ടം അവർക്ക് കൊടുക്കാമെന്ന് മന്ത്രിസഭയുണ്ടായിരുന്ന കാലത്തു വനംവകുപ്പുമന്ത്രി കൃഷിക്കാരോടു പറഞ്ഞിട്ടുള്ളതാണ്.

[മന്ത്രിസഭയും ജനപ്രതിനിധികളും ഇല്ലാതായതിനാൽ ശിക്ഷ കൃഷിക്കാർ അനുഭവിക്കാനിടയാകരുതല്ലോ.]

2. സ്ഥലം റേഞ്ചാഫീസറും ഇങ്ങനെ പറഞ്ഞിരുന്നതുകൊണ്ടാണ് കൃഷിക്കാർ മുന്നിക്കാണിക്കുന്നത്.

3. താന്നിക്കണ്ടം അവരുടെ ഇപ്പോഴത്തെ കൃഷിസ്ഥലത്തോട് അടുത്തുകിടക്കുന്നതുകൊണ്ട് സ്ഥലം മാറുന്നതിനും വാഴ, തെങ്ങുതൈ മുതലായവ പറിച്ചു വയ്ക്കുന്നതിനും അതു സൗകര്യപ്രദമായിരിക്കും.

4. ജീവിതകാലത്തിലെ നല്ല പ്രായം മുഴുവൻ വിനിയോഗിച്ചു വികസിപ്പിച്ചുകൊണ്ടുവന്ന കൃഷിസ്ഥലങ്ങളിൽനിന്നു വേരോടെ പിഴുതറിയപ്പെട്ട ഇവർക്കു ജീവിക്കാൻവേണ്ടി ഇക്കിയിലും മറ്റും പോയി കൂലിപ്പണിചെയ്യുവാൻ ട്രൈ യാണ്.

5. താന്നിക്കണ്ടത്തിന്റെ മുന്നുശതമാനം കൃഷിക്കാരുടെ, ഒരുശതമാനം ഇലക്ട്രിക്ക ലൈൻവരുന്നു. തന്നിമിത്തം അതിനു തടസ്സം നിൽക്കാൻ എളുപ്പമുണ്ട്. ആകെ 27 ഏക്കർ ഭൂമി മതിയാകുമെന്നും, ശരാശരി 4 ഏക്കർ വീതം കൈവശഭൂമിലഭിക്കുന്നതാണെന്നും ഈ കുടുംബങ്ങൾക്ക കൊടുക്കുവാൻ.

6. തേക്ക്, ഈട്ടി മുതലായ വിലപിടിപ്പുള്ള വൃക്ഷങ്ങളൊന്നും ഈ പ്രദേശത്തില്ല.

7. ഈ താന്നിക്കണ്ടവും ഭൂമിയുമെല്ലാം ഒരുപോലെ ഫിസേർപ്പുവരുത്തിയാണ്. താന്നിക്കണ്ടത്തിൽ വാസം സുഖമായി നടന്നുകഴിഞ്ഞതാണ്.

8. മഹാഭൂരിപക്ഷമാളും കൃഷിയോഗ്യവും വാസയോഗ്യവുമാണ് ഈ ഭൂമി.

താന്നിക്കണ്ടമോ അതുപോലെ എല്ലാ വിധത്തിലും സഹകര്യപ്രദമായ മറ്റേതിലെങ്കിലും സൗകര്യപ്രദമായ ഭേദണ്ഡവിലകൊടുക്കുകയും ചെയ്ത് വാഴത്തോപ്പ് കുടിയിറക്കപ്രശ്നത്തിനു ഉടനെ പരിഹാരമുണ്ടാക്കേണ്ടിയിരിക്കുന്നു.

ഒരു എക്സ്-ഐ പ്ലാൻ തുരുമ്പ് പിടിക്കുന്നു

(സ്വ. ലേ) വൈക്കം, ഫെബ്രുവരി 7

പരേതനായ വി കെ. വേലുപ്പൻ കേളു ആരോഗ്യവകുപ്പ് മന്ത്രിയായിരുന്നപ്പോൾ 1961-ൽ വൈക്കം ഗവണ്മെണ്ടുശ്രുപത്രിയിലേക്ക് അനുവദിച്ച് ഇവിടെ കൊണ്ടുവരപ്പെട്ട ദന്തൽ യൂണിറ്റ്, ദന്തൽ എക്സ്-റേ പ്ലാൻറ് എന്നീ രണ്ടുപകരണങ്ങളും (ഉദ്ദേശം 20000 രൂപ വിലവരുന്നവ) ഇന്നും ഗവണ്മെണ്ടാശുപത്രിയിലെ ഒരു മുറിയിൽ പ്രവർത്തനരഹിതമായി കിടന്നു തുരുമ്പെടുക്കുകയാണ്. കാരണം ഈ യന്ത്രോപകരണങ്ങൾ ശരിയായി ഫിറ്റുചെയ്യുവാൻ അതിന് പരിചയമുള്ള ഒരു ഫിറ്ററെ അയച്ചുകിട്ടാത്തതിലേക്ക് ആശുപത്രിയധികൃതർ പല പ്രാവശ്യവും ഗവണ്മെണ്ടിലേക്ക് എഴുതിയിട്ടും ഇതുവരെ അതു ചെയ്തിട്ടില്ല. ഇതുകാരണം ഈ യന്ത്രോപകരണങ്ങൾ ശരിയായി ഫിറ്റുചെയ്ത് പ്രവർത്തിപ്പിക്കുവാൻ ഉടനെ ഒരു ഫിറ്ററെ ഇവിടെ അയച്ച് ഈ ജോലി നിവ്വഹിക്കുവാൻ ഗവർമ്മെൻറിനോടു നിന്നും ഉടനെ നടപടികളും സ്വീകരിക്കണമെന്നുദ്ദേശിച്ചുകൊള്ളുന്നു. ഇതുസംബന്ധമായി ഓരുക്കം മുൻസിപ്പൽകൗൺസിൽ സിക്രിയന്തിരപ്രമേയമെകകണ്ഠേനെ പാസ്സാക്കിയതും ഇതുയവസരത്തിൽപ്രസ്തുതയോഗ്യമാണ്. പ്രമേയം താഴെച്ചേർക്കുന്നു.

ജനങ്ങളുടെ ചികിത്സാസൗകര്യത്തിനുവേണ്ടി ഗണ്യമായ തുക ചെലവ്ചെയ്ത് വൈക്കം ഗവർമെൻറാശുപത്രിയിൽ ദന്തൽ എക്സ്റേ യൂണിറ്റും ദന്തൽയൂണിറ്റും കൊണ്ടുവരപ്പെട്ടുകയും ആയതു സ്ഥാപിക്കുന്നതിലേക്ക് ആവശ്യമായ കെട്ടിടം പണിപൂർത്തിയാക്കുകയും ചെയ്തിട്ട് വർഷങ്ങളും നാലു കഴിഞ്ഞു. എന്നാൽ നിസ്സാരമായ ഫിറ്റിംഗിന്റെ അഭാവംമൂലം ദന്തൽഎക്സ്റേ യൂണിറ്റും ദന്തൽ യൂണിറ്റും ഇതുവരെ ഫിറ്റുചെയ്ത പ്രവർത്തനമാരംഭിക്കുവാൻ കഴിഞ്ഞിട്ടില്ല. അധികൃതന്മാരുടെ ഈ മാതിരി ഉദാസീനതമനോഭാവംകൊണ്ടു ജനങ്ങളുടെ ഇവിധമുള്ള പ്രാഥമികാവശ്യങ്ങളും നിർവഹിക്കുവാൻ സാധുമല്ലാതെ കാലതാമസം നേരിടുന്നതിൽ ഈ കൗൺസിലിനുള്ള ഉൽക്കണ്ഠ രേഖപ്പെടുത്തുകയും ഇനിയെങ്കിലും കാലം വൈകാതെ എക്സ്റേ പ്ലാൻറ് സ്ഥാപിച്ച് പ്രവർത്തനം തുടങ്ങുന്നതിനു സത്വരമായിവേണ്ട നടപടികൾചെയ്യുന്നതിനു ബഹു: ഗവർമ്മെണ്ടിനോടഭ്യർത്ഥിക്കുകയും ചെയ്യുന്നു.

മാർക്കറ്റ്

(ഫെബ്രുവരി 8 തിങ്കൾ)

	തൃശൂർ	ആലപ്പുഴ	കോഴിക്കോട്
വെളിച്ചെണ്ണ (കപ്പിന്റെ)	310 00	292_00	300_00
" മനോരമയുടെ "	----	293_00	295 50
" രണ്ടാം "	----	285_50	285_25
കൊപ്ര പുകയാതെ	210_00	202_00	197_25
" പുകയുള്ളത്	----	207_00	206_89
പിണ്ണാക്ക്	68_00	60_50	65_00
ഉരുളൻ തേങ്ങ	----	342_00	275_00
തേങ്ങാ (മടൽപ്പുറം)	----	339_00	297_00
കുരുമുളക്	355 20	380_00	380_00
" വരവു മേന്മ	----	400_00	----
" പുതുക്കൻ	----	150_00	----
ചുക്ക്	250_00	375_00	300 00
മഞ്ഞൾ	125_00	120_00	150 00
അടയ്ക്കാ	----	----	325_00
അടയ്ക്കാ ചുരം (20 കിലോ)	115_40	----	----
കിലിച്ചുണ്ട്	140_50	----	----
ജാതിപത്രി. [50കിലോ]	280_50	----	----
" തൊണ്ടൻ	400_25	----	----
പുൽത്തൈലം	110_00	----	110_00
പച്ചരി	----	----	----
മുഴുക്കലരി	----	----	----
" (സി. കെ.)	----	----	----
നുറുക്കരി	----	----	----
കയർ അണ്ടുതരം (കപ്പിന്റ)	----	----	----
" ഇലപ്പുള്ളൻ "	----	115_00	----
" ആലപ്പുഴ "	----	110_00	----

അഖിലേന്ത്യാ ബാസ്ക്കറ്റ് ബാൾ മത്സരം അവസാനിച്ചു

കന്നൂർ, ഫെ. 8

ഇവിടെ നടന്നുവന്നിരുന്ന അന്തർസർവ്വീസ് ചേമ്പർ ഓഫ് കോമേഴ്സിൻറെ 20-ാം കോൺഫ്രസ്സിൻ ബ്ലിച്ച് നിൽനിന്നും 40-ൽപരം പ്രമുഖവ്യാപാരികൾ പങ്കെടുക്കുന്നുണ്ട്.

ഇൻറർ നേഷനൽ ചേമ്പർ ഓഫ് കോമേഴ്സിൻറെ ഇൻഡ്യൻ ബ്രിട്ടീഷ് ദേശീയസമിതി അധ്യക്ഷൻ സർ ഡങ്കൻ കാമ്പൽ ഹെയിമാണ് ബ്രിട്ടീഷ് സംഘത്തിൻറെ നേതാവ്. ഇന്ത്യയിലെ ഇംപീരിയൽ ഉദ്യോഗസ്ഥനും കമ്പനിയുമായി ബന്ധപ്പെട്ടയാളാണദ്ദേഹം.

1939-45-ൽ ഇന്ത്യാ ഗവർമെൻറിൽ ഫൈനാൻസ് മെമ്പറായിരുന്നയാളും ലോയ്ഡ്സ് ബാങ്കിൻറെഡയറക്ടർ ചേർമാനുമായ സർ ജറീമിയസ്-മൺസ്റ്റാർട്ട് ബ്രൗൺ ഡേഡിംഗ് കമ്പനി ഡയറക്ടർ ലോർഡ് ഷോക്രോസ്, ടോറ് ലൽ ലിമിറ്റഡിൻറെ ഡയറക്ടർ മി. എച്ച്. എച്ച്. ടോറ് എന്നിവരാണ് സംഘത്തിലെ ചില പ്രമുഖവ്യക്തികൾ.

ലണ്ടനിലെ ബിസ്കസ് ഫോറംഡിസ്റ്റ് ലിമിറ്റഡിൻറെ ചെയർമാൻ ജെ. എൽ. എസ്. സ്റ്റീലായിരിക്കും കോൺഫ്രസ്സിൻറെ പ്രസിഡണ്ട്.

സാമ്പത്തികപുരോഗതിയെസംബന്ധിക്കുന്ന വിധത്തിൽ പൊതുവായ നയങ്ങളും ആവിഷ്കരിക്കുകയും ആശയങ്ങളും വിനിമയം ചെയ്യുകയും ചെയ്യുന്നതിനും വണിക്കുകൾ തുടങ്ങിയ പ്രവർത്തകർക്കിടയിൽ ഒരു സംഘടനയുണ്ടാക്കുന്നതിനുമാണ് ഇൻറർനേഷനൽ ചേമ്പർ ഓഫ് കോമേഴ്സ് 1921-ൽ കോൺഗ്രസ് ആദ്യമായി ലണ്ടനിൽ കൂടിയത്.

....

ഒരു കോൺഗ്രസ്സ് തല്ല്

തൃശൂർ, ഫെ. 8

ഇന്നലെ രാവിലെ ഇവിടെവച്ചു ചേർന്ന തൃശൂർ ജില്ലാ കോൺഗ്രസ് തീരുമാനിച്ചപ്പോൾ ഉൾപ്പോരുള്ള ചങ്ങൽ പരമ്പരയുത്തരവാദിത്തപ്പെട്ടിരുന്ന സോഷ്യലിസ്റ്റുകാരനായ അന്തിക്കാടൻ ചാത്തു മകൻ പൊന്നു എന്ന രാമൻ കുറുപ്പിനെയോ ഒരു വിഭാഗം കോൺഗ്രസ് അംഗങ്ങൾ ചേർന്നു തല്ലുകയുണ്ടായി. അടിയുടെ ആഘാതത്തിൽ പൊന്നു ബോധംകെട്ടുവീണു. ഉടനെ ഒരു ടാക്സിയിൽ കയറ്റി ഇവിടെ കൊണ്ടുവന്നു ചികിത്സ നടത്തുകയാണ്. ഇപ്പോൾ പല കാര്യങ്ങൾക്കായും ബോധ്യപ്പെട്ട കഴിഞ്ഞു. 'പട്ടിക്ക് കിട്ടിയ മുഴുവൻ തേങ്ങാ' എന്ന പോലെ ഇവ യന്ത്രസാമഗ്രികളാകുന്നു. ഇനിയും ഇവിടെ വച്ചുകൊണ്ടിരിക്കേണ്ടായെന്നാണ് നാട്ടുകാർ പറയുന്നതു്. ഗണ്യമായ ഒരു തുക വിലയുള്ള രണ്ടു് യന്ത്രോപകരണങ്ങളും ശരിയായി ഫിറ്റുചെയ്ത് പ്രവർത്തിപ്പിക്കുവാൻ ഉടനെ ഒരു ഫിറ്ററെ ഇവിടെ അയച്ച് ഈ ജോലി നിവ്വഹിക്കുവാൻ ഗവർമ്മെൻറിനോടു നിന്നും ഉടനെ നടപടികളും സ്വീകരിക്കണമെന്നുദ്ദേശിച്ചുകൊള്ളുന്നു. ഇതുസംബന്ധമായി ഓരുക്കം മുൻസിപ്പൽകൗൺസിൽ സിക്രിയന്തിരപ്രമേയമെകകണ്ഠേനെ പാസ്സാക്കിയതും ഇതുയവസരത്തിൽപ്രസ്തുതയോഗ്യമാണ്. പ്രമേയം താഴെച്ചേർക്കുന്നു.

ആരോഗ്യവകുപ്പിൻറെ ശുഷ്കാന്തി

മുക്കൊട്ട്, ഫെ. 8

കാടാമ്പുഴ, കരുവന്നൂർ, പനംകുളം, മാപ്രാണം, പൊറത്തിശ്ശേരി, മുക്കൊട്ട് തുടങ്ങിയ പ്രദേശങ്ങളിൽ വസൂരി പടർന്നുപിടിച്ചുകൊണ്ടിരിക്കുകയാണ്. ആരോഗ്യവകുപ്പ് അടിയന്തിരമായി മരുന്നു സഹായങ്ങളും നല്കുന്നതിനാവശ്യമായ പ്രായോഗിക നടപടികളും സ്വീകരിച്ചില്ലെങ്കിൽ സ്ഥിതിഗതികൾ നിയന്ത്രണാധീതമായിത്തീരുമെന്നു മ